# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുനലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/481/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പുനലൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1 കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2 ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3 റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
4 കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ കെ എൽ എം/481/22 തീയ്യതി: 07/07/2022

## കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 30-09-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. പി. മാത്യൂറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ- (ഹഗ്രേ)
ശ്രീ. അനന്തനാരായണൻ എം (അസി ഓഡിറ്റ് ഓഫീസർ)
ശ്രീ. രാജൻ. വി. ഡി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയകുമാരി അമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജശ്രീ സി ആർ,ഓഡിറ്റർ
ശ്രീമതി.ഹർഷ എൽ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. രാജശേഖരൻ | ചെയർമാൻ | 01-04-2019 | 04-03-2020 |
| ശ്രീമതി.സുശീല രാധാകൃഷ്ണൻ | ചെയർപേഴ്സൺ | 05-03-2020 | 31-03-2020 |
| ശ്രീമതി.രേണുകാദേവി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ബിനി എബ്രഹാം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. അശോക് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ഷഹിർഷാ | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ,പുനലൂർ) | 01-04-2019 | 31-03-2020 |
| ഡോ. കെ. എൽ. തോമസ്സ് | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. എം. ജി. ശ്രീനി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.കുഞ്ഞുമോൻ ജെ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മറിയം. എം. | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രകാശ്. എസ്സ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. എസ്സ്.ആർ. ബിജു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ജയപ്രകാശ്. എസ്സ്. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| ശ്രീ.സന്തോഷ് കുമാർ കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2019 | 31-03-2020 |
| ശ്രീ.പ്രഭ വി എൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-10 |
| 13 | സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ - 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 12-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-11 |
| 14 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-12 |
| 15 | PMAY പദ്ധതിപ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 15-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-13 |
| 16 | UIDSSMT - ഫണ്ട് തിരിച്ചടച്ചതിലെ പിഴവ് മൂലം നഗരസഭയുടെ ഫണ്ടിന് | 1-14 |

| | | |
|---|---|---|
| | നഷ്ടമുണ്ടായി - 1,58,248/-രൂപയുടെ ചെലവ് തടസ്സത്തിൽ നിർത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | |
| 17 | ഒടുക്കിൽ കുറവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഒടുക്ക് വരുത്തി.<br>Written By: Harsha L (Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-15 |
| 18 | വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-16 |
| 19 | പദ്ധതി നിർവ്വഹണച്ചെലവ് രേഖകൾ കൃത്യമല്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-17 |
| 20 | ഗുണഭോക്തൃ വിഹിതം ഒടുക്കിയ 15 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി നൽകിയില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-18 |
| 21 | ചെക്ക് പ്രകാരമുള്ള വരവുകൾ ബാങ്ക് അക്കൗണ്ടിൽ വരാത്തത്.<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-19 |
| 22 | ഉദ്ഘാടന ചടങ്ങിന് അധികച്ചെലവ്.<br>Written By: Jayakumari Amma G (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-20 |
| 23 | വൌച്ചർ ഹാജരാക്കിയില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-21 |
| 24 | യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതുമൂലം ആദായനികുതിയിൽ പിഴ ഒടുക്കി.<br>Written By: Jayakumari Amma G (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-22 |
| 25 | നഗരസഭാ വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-23 |
| 26 | വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-24 |
| 27 | തൊഴിൽ നികുതി - പൊതുവായ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-25 |
| 28 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-26 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-27 |
| 30 | തനതു വരുമാനശോഷണത്തിനു കാരണമായി വാടകക്കുടിശ്ശികയും.<br>Written By: Rajasree.C.R (Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-28 |
| 31 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: Rajasree.C.R (Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-29 |

| | | |
|---|---|---|
| 32 | മൊബൈൽ ടവറുകളുടെ വസ്തുനികുതി വൻതുക കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-30 |
| 33 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക അടവാക്കിയത് സഞ്ചയയിൽ രേഖപ്പെടുത്തിയില്ല.<br>Written By: Rajasree.C.R (Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-31 |
| 34 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 21.67 ലക്ഷം രൂപ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-32 |
| 35 | കാലിബാരൽ വില ഈടാക്കിയിട്ടില്ല. 80,928/-രൂപ അധികം നല്കി.<br>Written By: G.Sajikumar (Audit Officer (HG), On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-33 |
| 36 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-34 |
| 37 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിലുള്ള തുക നഗരസഭാ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തേണ്ടതാണ്.<br>Written By: G.Sajikumar (Audit Officer (HG), On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-35 |
| 38 | ഷെൽട്ടർ ഹോം നിർമ്മാണം 31-10-2019 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 2021-22 സാമ്പത്തിക വർഷത്തിലും പൂർത്തീകരിച്ചിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-36 |
| 39 | സേവനനികുതി അപ്പീൽ നൽകുന്നതിന് ചെലവ് - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-37 |
| 40 | മുൻകൂർ ക്രമീകരിച്ചിട്ടില്ല - 67,906/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-38 |
| 41 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-39 |
| 42 | മരാമത്ത് പ്രവൃത്തികളുടെ പരിശോധന, സുപ്രധാന രജിസ്റ്ററുകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-40 |
| 43 | രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-41 |
| 44 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗരേഖകൾ ലഭ്യമല്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-42 |
| 45 | വൌച്ചറിനൊപ്പം അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-43 |

| | | |
|---|---|---|
| 46 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-44 |
| 47 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കാലിബാരൽ വില ഈടാക്കിയിട്ടില്ല. 80,928/-രൂപ അധികം നല്കി.<br>Written By: G.Sajikumar (Audit Officer (HG), On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 3-1 |
| 2 | ഉദ്ഘാടന ചടങ്ങിന് അധികച്ചെലവ്.<br>Written By: Rajan.V.D (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 3-2 |
| 3 | യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതുമൂലം ആദായനികുതിയിൽ പിഴ ഒടുക്കി.<br>Written By: Rajan.V.D (Senior Grade Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 17-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor, On 19-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 18-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 14-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

26.03.2019 തീയതിയിലെ 1--ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 30.7.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധന

2019-20 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1) Cheque Issued But Not Presented Into The Bank/Treasury, Cheque Deposited But Not Cleared By Bank/treasury എന്ന ശീർഷകങ്ങളിൽ കാലഹരണപ്പെട്ട ചെക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

2) റീക്കൺസിലിയേഷൻ പത്രികയിൽ ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

3) റീക്കൺസിലിയേഷൻ പത്രികയിൽ ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതായി കാണിച്ചിരിക്കുന്ന തുകകൾ ഏതിനത്തിലുള്ള ചെലവുകളാണെന്ന് വ്യക്തമല്ല.

4) വാർഷിക ധനകാര്യപത്രികയിലെ നികുതി - നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.

5) കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വരവു ചെലവു വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) RP-40(b) -TSB (Own Fund), AUEGS എന്നീ അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) RP-40(b)ഷെഡ്യൂളിൽ Devt.Fund (General) നീക്കിയിരുപ്പായി (-)7,41,916/-ഉൾപ്പെട്ടതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

8) RP-6 ൽ 160101100, 160101200, 160200100 ഹെഡുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9) തൊഴിലില്ലായ്മ വേതന തൻവർഷത്തെ ആകെ ചെലവ് 2,02,320/-രൂപയാണ്. എന്നാൽ AFS-ൽ 2,55,360/- രൂപയാണ് ഉൾപ്പെടുത്തിയത്.

10) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമിനത്തിൽ തൻവർഷം 1,20,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയുടെ വരവ് - ചെലവ് വിശദാംശങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) വിവിധ ക്ഷേമപെൻഷനുകളുടെ ചെലവുവിശദാംശങ്ങൾ വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

12) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വിവിധ ലോണുകളുടെ വരവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

13) RP – 8 പലിശയിനത്തിലുള്ള വരവു തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

14) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

15) RP-24 Grants, Contributions For Specific Purpose ഇനത്തിൽ ഉൾപ്പെട്ട 5,63,73,857/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

16) RP – 22 പ്രകാരമുള്ള ബാധ്യതാ വരവുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

17) വിവിധ Deposit–കളുടെ വരവ്, ചെലവ്, നീക്കിബാക്കി വിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

18) ഷെഡ്യൂൾ B2- Earmarked Funds ഷെഡ്യൂൾ B4 Grants & Contribution For Specific Puropose, Schedule B -5 - Secured Loan, B -12 - Investments, B-9 Other Liabilities, B-18-Loans, Advances & Deposits എന്നിവയിലെ തുകയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

19) ഷെഡ്യൂൾ B14 പ്രകാരം Stock In Hand – മൂല്യം 36,200/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

20) B-15-Receivables For Property Tax (Arrear)(-)45,65,649/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

21) B-21 ഷെഡ്യൂളിൽ നെഗറ്റീവ് സംഖ്യകൾ പ്രൊവിഷൻസായി ഉൾപ്പെടുത്തിയിരിക്കുന്നു. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

22) വികസനഫണ്ട്-ജനറൽ, എസ്.സി.പി Source Deduction തുകയ്ക്കനുസൃമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

23) ബി-9 ഷെഡ്യൂളിൽ Pension Fund Payable എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

24) ബി-11 ഷെഡ്യൂളിൽ ഉൾപ്പെട്ട Capital Work In Progress ആയി ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

25) സ്ഥിരനിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8,48,09,183/-രൂപ |
| വരവ് | 33,53,18,494/-രൂപ |
| ആകെ | 42,01,27,677/-രൂപ |
| ചെലവ് | 37,25,13,603/-രൂപ |
| നീക്കിയിരിപ്പ് | 4,76,14,074/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,66,988/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,82,306/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | സി.ബി(രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 5,81,96,000/- | 5,81,96,000/- | 5,39,98,495/- | 41,97,505/- |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 1,74,43,000/- | 1,74,43,000/- | 1,65,26,807/- | 9,16,193/- |
| വികസന ഫണ്ട്- ടി.എസ്.പി | - | 15,55,000/- | 15,55,000/- | 13,55,700/- | 1,99,300/- |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 4,34,75,000/- | 4,34,75,000/- | 1,62,43,372/- | 2,72,31,628/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 1,81,49,000/- | 1,81,49,000/- | 1,05,81,496/- | 75,67,504/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 9,68,34,000/- | 9,68,34,000/- | 2,78,38,395/- | 6,89,95,605/- |
| ബി ഫണ്ട് | - | 3,75,360/- | 3,75,360/- | 3,75,360/- | - |

കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവ് ചെലവുകൾ AFS, രജിസ്റ്ററുകൾ എന്നിവയുമായി പരിശോധിച്ച് ഉറപ്പാക്കാനുള്ള യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 544 | 73,79,11,508/- | 222 | 11,61,92,747/- | - | 322 | 38.23% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് ( പ്രത്യേകമായ കണക്ക് ലഭ്യമാക്കിയില്ല) | 57,50,504/- | 50,98,563/- | 1,08,49,067/- | 1,01,72,873/- | 6,76,194/- (AFS ലെ CB യുമായി പൊരുത്തപ്പെടുന്നില്ല) |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,02,320/- | 72 |
| കർഷകതൊഴിലാളി പെൻഷൻ | 45,000/- | 30 |
| വിധവാപെൻഷൻ | 2,11,500/- | 141 |
| വാർദ്ധക്യകാലപെൻഷൻ | 8,32,500/- | 555 |
| വികലാംഗപെൻഷൻ | 76,500/- | 51 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള | 6,000/- | 4 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹധനസഹായം | 1,20,000/- | 4 |

1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചു.

നഗരസഭയിലെ നാളിതുവരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ പെൻഷണറുടെ മരണ ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക(രൂപ) |
|---|---|---|---|---|---|
| ജോസഫ്.കെ.ആർ | വാർദ്ധക്യകാലപെൻഷൻ | 10770201099 | 13.12.20 | 1/21-4/21 | 6,100/- |
| കെ.പ്രഭാകരൻ | വാർദ്ധക്യകാലപെൻഷൻ | 10770201015 | 9.11.21 | 12/21 | 1,600/- |
| കെ.സുരേന്ദ്രൻ | വാർദ്ധക്യകാലപെൻഷൻ | 10770203595 | 31.7.21 | 8/21-9/21 | 3,200/- |
| സരോജിനി | വിധവാപെൻഷൻ | 10770600539 | 14.9.21 | 10/21-1/22 | 6,400/- |
| പരമേശ്വരൻപിള്ള | വാർദ്ധക്യകാലപെൻഷൻ | 10770200910 | 15.12.20 | 1/21-9/21 | 15,600/- |
| മൈതീൻപിച്ചസലീം | വാർദ്ധക്യകാലപെൻഷൻ | 10770204000 | 14.4.21 | 5/21-9/21 | 8,000/- |
| രാജമ്മ | വിധവാപെൻഷൻ | 10770600589 | 8.2.20 | 3/20-9/21 | 27,300/- |
| ബാബു.കെ.തോമസ് | വികലാംഗപെൻഷൻ | 10770400608 | 20.8.21 | 9/21-1/22 | 8,000/- |
| ബാലചന്ദ്രൻ | വാർദ്ധക്യകാലപെൻഷന് | 10770201039 | 23.8.21 | 9/21-10/21 | 3,200/- |
| പെരുമാൾ | വാർദ്ധക്യകാലപെൻഷന് | 10770202262 | 8.11.21 | 11/21-1/22 | 5,400/- |
| ആരിഫാ | വിധവാപെൻഷൻ | 10770602277 | 17.3.21 | 4/21-9/21 | 9,600/- |
| മഞ്ജു | വിധവാപെൻഷൻ | 10770602120 | 1.10.21 | 10/21-1/22 | 6,400/- |
| ആകെ | | | | | 1,00,800/- |

ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം സസ്പെൻഡ് ചെയ്ത്, നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണവിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞുവരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏകമാർഗ്ഗം. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം പെൻഷണറുടെ ബാങ്ക് അക്കൌണ്ടിലേക്ക് അനുവദിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയ 1,00,800/-രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ : 19/ 16-03-2022.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.3.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,92,757/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത

പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

* സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്യപ്പെടുന്ന സാമ്പത്തിക വർഷത്തെ ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ, പെരുമാറ്റങ്ങൾ തുടങ്ങി സാമ്പത്തിക സുസ്ഥിരതയുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്. ഓരോ മാസാവസാനവും ബാങ്ക് റിക്കൺസിലിയേഷൻ നടത്തുന്നില്ല.
* സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. പണമിടപാടുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്ത് റീക്കൺസിലിയേഷൻ നടത്തുന്നില്ല.
* വസ്തുനികുതി Demand – Collection – Balance ഇവ 2013 മുതൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേന ആണെങ്കിലും കൃത്യതയോടെ പൂർണ്ണമായും കാലികമാക്കിയിട്ടില്ല.
* ഡി.&ഒ. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
* സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിലൂടെ തയാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ആസ്തികൾ സംബന്ധമായ കൃത്യത നിലവിൽ ഇല്ലാത്ത സ്ഥിതിയുണ്ട്.
* സർക്കുലർ നമ്പർ 86/ 2010 ഫിൻ. തീ. 24-9-2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ, വിതരണ വിവരങ്ങൾ, വാങ്ങൽ വിശദാംശങ്ങൾ, എ.എം.സി വിശദാംശങ്ങൾ തുടങ്ങിയുള്ള എല്ലാ വിവരങ്ങളും സ്റ്റോക്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. നിലവിൽ ഉപയോഗിച്ചുവരുന്ന ഉപകരണങ്ങളെ സംബന്ധിച്ച് സ്റ്റോക്ക് ലഭ്യമാക്കിയെങ്കിലും ഉപയോഗക്ഷമമല്ലാത്ത നിലയിലുള്ള ഉപകരണങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല. നിഷ്ക്രിയമായ അവസ്ഥയിൽ ഉള്ള എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. അംഗീകാരം ലഭിച്ച 549 പ്രോജക്ടുകളിൽ 222 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തുന്നു.
* കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മിക്ക ഫയലുകളും മാന്വൽ സംവിധാനങ്ങളിലൂടെ മാത്രം ക്രമീകരിക്കുന്ന സാഹചര്യത്തിൽ ഓരോ വർഷത്തെയും വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ സംഗ്രഹം ആധികാരികമാക്കി സൂക്ഷിക്കുംവിധം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുണ്ട്.

ഉദ്യോഗസ്ഥരുടെ ചുമതലകൾ കൃത്യമായി തയ്യാറാക്കി രേഖാമൂലം വിഭജിച്ചു നൽകിയിട്ടുണ്ട്. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തുവരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2021 മുതൽ 31.03.2021 വരെ | 2019-20 മുതൽ 2021 ഫെബ്രുവരി വരെ | 16.08.2021 |

1-11 സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ - 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആസ്തികൾ ആർജ്ജിക്കലും സംരക്ഷിക്കലും എന്നത് ഏതൊരു സ്ഥാപനത്തിന്റെയും പരമപ്രധാനമായ കർത്തവ്യങ്ങളിൽ ഒന്നാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആർജിച്ചിട്ടുള്ള ആസ്തികൾ 'സചിത്ര' സോഫ്റ്റ് വെയർ മുഖേന, ഡിജിറ്റൽ രൂപത്തിൽ, സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിങ്ങുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തേണ്ടതാണ് എന്നും ഈ പ്രവൃത്തി സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതലയുള്ള എൻജിനീയർ/ഓവർസിയർ നിർവഹിക്കേണ്ടത് ആണ് എന്നും 06.08.12 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.212/2012 ത.സ്വ.ഭ.വ പ്രകാരം നിഷ്കർഷിക്കുന്നു. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് കുറ്റമറ്റതാക്കി ഇലക്ട്രോണിക് ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കേണ്ട ചുമതല സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ആയിരിക്കും. ഓരോ വർഷവും മെയ് 15 നകം മുൻവർഷത്തെ ആസ്തികളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ച്, സമിതിയുടെ അംഗീകാരത്തോടെ രജിസ്റ്റർ പൂർണ്ണമാക്കി, വെബ് അധിഷ്ഠിതമായ ഡേറ്റാബേസ് ഐ.കെ.എം-ന് നൽകണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പുനലൂർ നഗരസഭയിൽ മേൽ പരാമർശിച്ച വിധത്തിൽ വെബ് അധിഷ്ഠിതമായി 'സചിത്ര' സോഫ്റ്റ്‌വെയറിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/08.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

2012-ലെ ഉത്തരവിൽ നിഷ്കർഷിച്ച വിഷയം നാളിതുവരെ നടപ്പിൽ വരുത്താൻ കഴിയാതിരുന്നത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ, ഓരോവർഷവും വിവിധ പദ്ധതികളിലൂടെ നഗരസഭ ആർജിക്കുന്ന ആസ്തികളുടെ സൂക്ഷ്മ പരിശോധന സാധ്യമാകാത്ത അവസ്ഥയാണ്. നഗരസഭയുടെ ആസ്തി സംബന്ധമായ രേഖകൾ കൃത്യതയോടെ പരിപാലിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഭൂഷണമല്ല. 'സചിത്ര' ഡിജിറ്റൽ ആസ്തി രജിസ്റ്റർ അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ പ്രസ്തുത വിഷയം സംബന്ധിച്ച് അടിയന്തരപ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിട്ടും നഗരസഭയുടെ ഭാഗത്തുനിന്നും നടപടികൾ ഒന്നും തന്നെ സ്വീകരിച്ച് കാണുന്നില്ല. ഭരണതല വിഭാഗങ്ങളുടെ അടിയന്തിര ഇടപെടലുകൾ അനിവാര്യമാണ്. ഈ വിഷയത്തിൽ ഉത്തരവാദിയായവരിൽ നിന്നും വസ്തുനിഷ്ഠമായ വിശദീകരണം വാങ്ങി നടപടി സ്വീകരിക്കേണ്ടതും തുടർ നടപടിവിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-12 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

കേരള സർക്കാർ പൂർണ്ണമായും പദ്ധതിച്ചെലവ് വഹിക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. നഗര ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ

നഗരപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരായ, അവിദഗ്ധ കായികാദ്ധ്വാനത്തിനു തയ്യാറായ, പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പ്രതിവർഷം നൂറ് തൊഴിൽദിനങ്ങൾ ഉറപ്പ് നൽകുന്നു. 2019-20 കാലയളവിലേക്ക് 632 പ്രവൃത്തികൾക്കായി 13,02,92,220/-രൂപ അടങ്കൽവരുന്ന ലേബർ ബഡ്ജറ്റിനും ആക്ഷൻ പ്ലാനിനും നഗരസഭാ കൗൺസിലിന്റെ 21.01.2019 ലെ 8(4)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നല്കിയെങ്കിലും തൻവർഷം പൂർത്തീകരിച്ചത് 44 പ്രവൃത്തികൾ മാത്രമാണ്. ആക്ഷൻ പ്ലാൻ പ്രകാരം വിഭാവനം ചെയ്തതിന്റെ കേവലം 7 ശതമാനം മാത്രമാണ് പൂർത്തീകരിച്ചത്. നഗര ദാരിദ്ര്യലഘൂകരണം എന്ന മഹത്തായ ലക്ഷ്യം പൂർത്തീകരിക്കാനുതകും വിധമുള്ള ആസൂത്രണമികവോടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നതിലേക്ക് ഭരണനിർവഹണവിഭാഗങ്ങളുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

നഗരപ്രദേശങ്ങളിൽ കൂടുതൽ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം പദ്ധതിയുടെ ഭാഗമാണെങ്കിലും നഗരസഭാപ്രദേശത്ത് നടപ്പാക്കുന്ന പദ്ധതികളിലേറെയും ഗൃഹങ്ങളിൽ നിന്ന് പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ട്യൂബ് ബൾബ്, റബ്ബർ മാലിന്യങ്ങൾ എന്നിവ നീക്കംചെയ്യുന്ന പ്രവൃത്തികൾ മാത്രമാണ്. ഓരോ കുടുംബത്തിനും നൂറ് തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാനും സാധിക്കുന്നില്ല. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ശരിയായ വിധം നടപ്പാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-13 PMAY പദ്ധതിപ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

PMAY ഭവനപദ്ധതിപ്രകാരം വിവിധ തവണകളിലായി 2017 മുതൽക്ക് തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 1176 |
| പൂർത്തീകരിച്ചവർ | 920 |
| പൂർത്തീകരിക്കാത്തവർ | 256<br>ജനറൽ – 179, എസ് സി – 76,<br>എസ് ടി -1 |
| ഒന്നാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 85 (ജനറൽ -57, എസ് സി – 27,<br>എസ് ടി -1) |
| രണ്ടാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 46 (ജനറൽ–32, എസ് സി – 14) |
| മൂന്നാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 125 (ജനറൽ- 90, എസ് സി– 35) |

( 1-ാം ഗഡു – 40,000/-രൂപ , 2,3 ഗഡുക്കൾ – 1,60,000/-രൂപ വീതം, 4-ാം ഗഡു – 40,000/-രൂപ ) ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കാനായുള്ള ത്വരിതനടപടികൾ ഉണ്ടാകേണ്ടതാണ്. നടപടിയുടെ പുരോഗതി യഥാസമയം അറിയിക്കേണ്ടതാണ്.

1-14 UIDSSMT - ഫണ്ട് തിരിച്ചടച്ചതിലെ പിഴവ് മൂലം നഗരസഭയുടെ ഫണ്ടിന് നഷ്ടമുണ്ടായി - 1,58,248/-രൂപയുടെ ചെലവ് തടസ്സത്തിൽ നിർത്തുന്നു.

UIDSSMT (Urban Infrastructure Development Scheme For Small And Medium Towns) പദ്ധതിയുടെ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയും വിധം വരവ്-ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കേന്ദ്രവിഹിതം | 200.03 Lakhs (31-3-2008 To 20-4-2011) |

| | |
|---|---|
| സംസ്ഥാന വിഹിതം | 24.1 Lakhs (10-6-2008 To 5-6-2013) |
| നഗരസഭ വിഹിതം | 24.1 Lakhs (10-6-2008 To 5-6-2013) |
| ആകെ വിഹിതം | 248.23 Lakhs |
| ആകെ ചെലവ് | 1,57,50,229/-രൂപ |

01-10-2019 ലെ AMRUT Deputy Director ടെ A1-40/2008/KSUDP നം കത്ത് മുഖേന ടി പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന കേന്ദ്രവിഹിതം പലിശസഹിതം മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കണമെന്ന് നിർദ്ദേശിച്ചതിനനുസൃതമായി നഗരസഭയുടെ UIDSSMT അക്കൗണ്ട് പരിപാലിച്ചിരുന്ന കാനറ ബാങ്കിന്റെ അക്കൗണ്ടിൽ 07-02-2019 പ്രാബല്യത്തിൽ നീക്കിയിരുപ്പുണ്ടായിരുന്ന 1,54,87,804/-രൂപ 07-02-2019 ലെ ചെക്ക് നം 645402 മുഖേന തിരികെ അടവാക്കി. എന്നാൽ 04-01-2020 ലെ പുനലൂർ നഗരസഭ സെക്രട്ടറിയുടെ H1-1858/19 നം കത്ത് പ്രകാരം നഗരസഭയുടെ വിഹിതവും പലിശയും ഉൾപ്പെട്ട തുകയാണ് അടവാക്കിയതെന്നും ആയത് തിരികെ ലഭ്യമാക്കണമെന്നും അമൃത് മിഷന്റെ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന-നഗരസഭ വിഹിതങ്ങളുടെ നീക്കിയിരുപ്പ്, പലിശയിനത്തിൽ ലഭിച്ച തുക എന്നിവയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുണ്ട്. 04-01-2020 ലെ പുനലൂർ നഗരസഭ സെക്രട്ടറിയുടെ H1-1858/19 നം കത്ത് പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ നഗരസഭാവിഹിതം | 24,10,000/-രൂപ |
| ചെലവ് (15,75,023/-രൂപ UIDSSMT ഇനത്തിലും<br>6,76,729/-രൂപ ബൊലേറോ വാഹനം വാങ്ങാനായും ചെലവ് ചെയ്തു) | 2251,752/-രൂപ |
| ബാക്കി (പലിശ കണക്കാക്കിയിട്ടില്ല) | 1,58,248/-രൂപ |

സംസ്ഥാനവിഹിതം ഇനത്തിലുള്ള തുക അധികമായി കേന്ദ്രഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. നഗരസഭയുടെ ഫണ്ടിൽനിന്നും 1,58,248/-രൂപ അധികമായി അടവാക്കിയത് തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതാണ്. 1,58,248/-രൂപയുടെ ചെലവ് തടസ്സത്തിൽ നിർത്തുന്നു.

ഓഡിറ്റ് അന്വേഷണം നം - 17/16-03-2022 (മറുപടി ലഭ്യമാക്കിയിട്ടില്ല)

1-15 ഒടുക്കിൽ കുറവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഒടുക്ക് വരുത്തി.

നഗരസഭയിലെ ബിൽ കളക്ടർ ശ്രീമതി ഗീത.എസ്സിന് 2019-20 സാമ്പത്തിക വർഷത്തിൽ നൽകിയ 421-ാം രസീത് ബുക്ക്, അനുബന്ധ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ രസീത് നമ്പർ 42070 മുതൽ 42099 വരെ 11/11/2019 തീയതിയിൽ വരവ് വന്ന ആകെ തുകയായ 22,169/-രൂപയ്ക്ക് പകരം 21,282/- രൂപ മാത്രമാണ് ഒടുക്കിയിരിക്കുന്നതെന്ന് കണ്ടു. രണ്ട് രസീത് നമ്പറിലെ (42098, 42099) വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, തുക ഒടുക്കിയതോ ആയ രേഖകൾ കാണാൻ സാധിച്ചില്ല. 887/-രൂപ ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടിയാൻ 08.03.22 തീയതിയിൽ 121010108671-ാം നമ്പർ രസീത് പ്രകാരം തുക ഒടുക്ക് വരുത്തിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. രസീത് പ്രകാരം വരവുള്ള തുകയുടെ ഒടുക്കിൽ കുറവുവന്നതിന്റെ കാരണം വിശദീകരിക്കാതെ തുക ഒടുക്കുവരുത്തി രസീതി ഹാജരാക്കിയതിൽ നിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് വിശദീകരണങ്ങൾ ഒന്നും ബോധിപ്പിക്കാനില്ലാ എന്ന് വ്യക്തമാകുന്നു. തന്റേതല്ലാത്ത 887/-രൂപ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുംവരെ കൈവശം വച്ച ഉദ്യോഗസ്ഥ പണാപഹരണമാണ് നടത്തിയിട്ടുള്ളത്. രസീത് വരവുകളുടെ കൃത്യത പരിശോധിക്കാൻ ചുമതലപ്പെട്ട മേൽ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും കൃത്യവിലോപമുണ്ടായി.

വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൃത്യവിലോപം സംബന്ധമായി ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക (രൂപ) | ബിൽ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 16/20 വയോമിത്രം (നഗരസഭാ വിഹിതം നൽകൽ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 10,00,000/- | 24/19-20 /3-8-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | ആകെ | 10,00,000/- | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽവിവരം സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തടസ്സപ്പെടുത്തുന്ന തുക → 10,00,000/-

ഓഡിറ്റ് എൻക്വയറി നം→ 12/15-3-22

1-17 പദ്ധതി നിർവ്വഹണച്ചെലവ് രേഖകൾ കൃത്യമല്ല.

പ്രോജക്റ്റ് നമ്പർ -15/20 (പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ )

നിർവ്വഹണ ഉദ്യോഗസ്ഥൻ - നഗരസഭാ സെക്രട്ടറി

ചെലവായ തുക - 48,550/-രൂപ (ബിൽ നമ്പർ 28/19-20/13-8-19)

41,526/-രൂപ (ബിൽ നമ്പർ- 56/19-20/19-10-19)

3,800/-രൂപ (ബിൽ നമ്പർ- 111/19-20/6-2-20)

ആകെ - 93,876/- രൂപ

പ്രോജക്റ്റ് നമ്പർ 15/20 പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 93,876/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 89,526/-രൂപയുടെ ചെലവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പൂർണ്ണമായി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നൽകിയ തുക(രൂപ) , ബിൽ നമ്പർ /തീയതി | കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം | റിമാർക്സ് |
|---|---|---|
| 48,550/-( ബിൽ നമ്പർ 28/19-20/ 13-8-19) | 28,550 /- (ശ്രീ. പ്രജിൽ പ്രസന്നകുമാർ) 20,000/- | 20,000/-രൂപ സജി ലൈറ്റ് ആന്റ് സൗണ്ട്സിനും 28,550/- രൂപ പ്രജിൽ ഓഫ്സെറ്റിനും നൽകുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനം നൽകിയ ഇൻവോയ്സ്, കൈപ്പറ്റ് രസീത് എന്നിവ |

| | | |
|---|---|---|
| | (ശ്രീ.സജീവ് P) | ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. |
| 37,176/-<br>( 56/19-20<br>/19-10-19) | മാധ്യമം<br>ദിനപത്രം –<br>9,576 /-<br>F1 Solutions –<br>27,600/- | മാധ്യമം ദിനപത്രം നൽകിയ കൈപ്പറ്റ് രസീത് മാത്രമേ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ഇൻവോയ്സ് ഉൾക്കൊള്ളിച്ചിട്ടില്ല.<br>സ്ഥാപനം നൽകിയ ഇൻവോയ്സ്, കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. |
| 3,800/-<br>(111/19-20<br>/6-2-20) | മാധ്യമം<br>ദിനപത്രം –<br>3,800 /- | മാധ്യമം ദിനപത്രം നൽകിയ കൈപ്പറ്റ് രസീത് മാത്രമേ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ഇൻവോയ്സ് ഉൾക്കൊള്ളിച്ചിട്ടില്ല. |

ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 17/3/22 ൽ നൽകിയ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചെലവുകളുടെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ട്രഷറിയിൽ വൗച്ചറുകളുടെ പകർപ്പ് എടുക്കാതെ ഒർജിനൽ സമർപ്പിച്ചതിനാലാണ് ഫയലിൽ ഉൾക്കൊള്ളിക്കാൻ കഴിയാതെ പോയതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ ശ്രദ്ധിക്കുന്നതാണെന്നുമാണ് പറഞ്ഞിട്ടുള്ളത്. പകർപ്പ് എടുക്കാതെ ഒറിജിനൽ വൗച്ചറുകൾ ട്രഷറിയിൽ സമർപ്പിച്ചത് ഗുരുതരമായ വീഴ്ചയാണ്. 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) അനുസരിച്ച് “രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്”. പ്രസ്തുത വിഷയത്തിൽ മേലധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറിയിൽ വൗച്ചറുകൾ സമർപ്പിക്കുന്നതിന് മുമ്പ് അവയുടെ പകർപ്പുകൾ ഫയലിൽ എടുത്തിടുന്നതിനും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-18 ഗുണഭോക്തൃ വിഹിതം ഒടുക്കിയ 15 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി നൽകിയില്ല.

പ്രോജക്ട് നം. – 232/20 (വനിതകൾക്ക് ആട് വളർത്തൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ആകെ അടങ്കൽ-21,60,000/-രൂപ(വികസനഫണ്ട്-10,80,000/-രൂപ, ഗുണഭോക്തൃ വിഹിതം-10,80,000/-രൂപ)

ചെലവ് - 87,750/-രൂപ (ബിൽ നമ്പർ 4/19-20/6- 1- 20)

. 1,14,750/-രൂപ ( ചെക്ക് നമ്പർ 924004/10-2- 20)

. 87,750/-രൂപ (ചെക്ക് നമ്പർ 923748/27-1-20 )

ആകെ – 2,90,250/-രൂപ

ഒരു ഗുണഭോക്താവ് 6,750/- രൂപ ഗുണഭോക്തൃവിഹിതം ഇനത്തിൽ ഒടുക്കുമ്പോൾ തത്തുല്യമായ തുക സബ്സിഡി അനുവദിച്ച് ഒരാൾക്ക് ആകെ 13,500/-രൂപക്ക് 3 ആടുകളെ പൊതുമാർക്കറ്റിൽ നിന്നും വാങ്ങി നൽകുന്ന രീതിയിലാണ് പ്രസ്തുത പ്രോജക്ട് തയാറാക്കിയിട്ടുള്ളത്. 160 ഗുണഭോക്താക്കൾക്ക് 3 ആടിനെ വീതം വാങ്ങിനൽകുന്നതിനുള്ള സബ്സിഡി തുക പ്രസ്തുത പ്രോജക്ട് പ്രകാരം വകയിരുത്തുകയും ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 74 ഗുണഭോക്താക്കൾ 6,750/-രൂപ വീതം ഗുണഭോക്തൃ വിഹിതം ഒടുക്കിയെങ്കിലും 59 പേർക്ക് മാത്രമാണ് നാളിതുവരെ ആടിനെ വാങ്ങി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ആടിനെ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2019-20 | 30 |

| | |
|---|---|
| 2020-21 | 29 |
| ആകെ | 59 |

ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 17/3/22 ൽ നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിപ്പുകൾ കൊടുത്തിട്ടും ഗുണഭോക്താക്കൾ എത്താത്തതിനാലും കോവിഡ്-19 കാരണം അടച്ചിട്ടുന്ന സാഹചര്യം ഉണ്ടായതിനാലുമാണ് താമസം നേരിട്ടതെന്നും ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ രസീതുമായി വരുന്ന മുറക്ക് തുക തിരികെ നൽകുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്തൃവിഹിതം ഒടുക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ആടിനെ നൽകാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഇത്തരം പ്രോജക്ടുകൾ അതിന്റെ പ്രാധാന്യം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചു.

1-19 ചെക്ക് പ്രകാരമുള്ള വരവുകൾ ബാങ്ക് അക്കൗണ്ടിൽ വരാത്തത്.

ചെക്ക് പ്രകാരം വരവ് വന്നതായി ഡേബുക്കിൽ രേഖപ്പെടുത്തിയ തുകകൾ ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓരോ ദിവസവും ക്യാഷ്, ചെക്ക്, മണി ഓർഡർ അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ മുനിസിപ്പാലിറ്റിയിൽ വരവുവരുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്ക് അക്കൗണ്ടിലോ ട്രഷറി സേവിങ്സ് അക്കൗണ്ടിലോ ഒടുക്കുവരുത്തേണ്ടതും ചട്ടം 24(3) പ്രകാരം ആഴ്ചയിൽ ഒരിക്കൽ ഒടുക്കുവരുത്തിയിട്ടുള്ള എല്ലാ തുകകളും ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടുണ്ടോ എന്ന് അക്കൗണ്ടന്റ് പരിശോധിച്ച്, ആയതിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ വിവരം സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചെക്കുകൾ ബാങ്കിൽ സമർപ്പിച്ച തീയതി, ഇവ ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. വരവ് തുകയുമായി ബന്ധപ്പെട്ട ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | തീയതി | ചെക്ക് നം. | രസീത് നം/തീയതി | ഇനം | തുക(രൂപ) |
|---|---|---|---|---|---|
| 1 | 24/09/19 | 2446885 | 119010500062/ 24.09.19 | തൊഴിൽ നികുതി, A.E.O ഓഫീസ് | 1,250/- |
| | | 2446886 | 119010500063/ 24.09.19 | തൊഴിൽ നികുതി, A.E.O ഓഫീസ് | 2,500/- |
| 2 | 03.02.20 | 0073205 | 119010500105/ 03.02.20 | തൊഴിൽ നികുതി, സ്റ്റേഷൻ ഓഫീസർ, ഫയർ ഫോഴ്സ് | 46,250/- |
| 3 | 18.02.20 | 987654321 | 119010500120/ 18.02.20 | തൊഴിൽ നികുതി, മാനേജർ, കത്തോലിക് സിറിയൻ ബാങ്ക് | 1,250/- |
| 4 | 27.02.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100001/ 27.02.20 | വസ്തു നികുതി | 5,877/- |
| 5 | 29.02.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100002 29.02.20 | തൊഴിൽ നികുതി, സെക്രട്ടറി, മുനിസിപ്പൽ ഓഫീസ് | 2,600/- |

| | | | | | |
|---|---|---|---|---|---|
| 6 | 04.03.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100004/ 04.03.20 | ലൈസൻസ് ഫീസ് | 1,000/- |
| 7 | 18.03.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100005/ 18.03.20 | വസ്തു നികുതി | 631/- |
| 8 | 19.03.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100007/ 19.03.20 | ലൈസൻസ് ഫീസ് | 2,500/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 119011100008/ 19.03.20 | വസ്തു നികുതി | 1,944/- |
| 9 | 20.03.20 | ചെക്ക് നമ്പർ ലഭ്യമല്ല | 119011100009-119011100015/ 20.03.20 | ലൈസൻസ് ഫീസ് | 10,010/- |
| 10 | 25.05.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100001/ 25.05.20 | വസ്തു നികുതി | 1,547/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120011100002/ 25.05.20 | വസ്തു നികുതി | 692/- |
| 11 | 28.05.20 | 250474 | 120010500013/ 28.05.20 | തൊഴിൽ നികുതി, ബ്രാഞ്ച് മാനേജർ, ബാങ്ക് ഓഫ് ബറോഡ | 8,320/- |
| 12 | 29.05.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100003/ 29.05.20 | വസ്തു നികുതി | 3,293/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120011100004/ 29.05.20 | വസ്തു നികുതി | 659/- |
| 13 | 01.06.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100006/ 01/06.20 | വാടക ഫീസ് | 79,471/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120010100457/ 01.06.20 | രജിസ്ട്രേഷൻ ഫീസ് | 1,500/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120011100008/01/06.20 | വാടക ഫീസ് | 3,500/- |
| 14 | 11.06.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100009/ 11/06.20 | വസ്തു നികുതി | 63/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120011100010/ 11/06.20 | വസ്തു നികുതി | 1,476/- |
| 15 | 18.06.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100011/ 18/06.20 | ഡെപ്പോസിറ്റ്, റവന്യൂ വകുപ്പ് | 55,000/- |
| 16 | 26.08.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100015/ 26.08.20 | വസ്തു നികുതി | 4,222/- |
| 17 | 30.09.20 | ചെക്ക് നമ്പർ ലഭ്യമല്ല | 120011100019/30.09.20 | വസ്തു നികുതി | 24,551/- |
| | | ചെക്ക് നമ്പർ ലഭ്യമല്ല | 120011100020/30.09.20 | വസ്തു നികുതി | 24,554/- |

മേൽ പറഞ്ഞ തുകകൾ തനത് ഫണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെടുത്തേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി

തുകകൾ ക്യാഷ് കൌണ്ടറിൽ ഇ-പോസ് മെഷീൻ വഴി നേരിട്ട് ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളവയാണെന്നും പരാമർശിത അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ക്യാഷ്/ചെക്ക് കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ തുകകൾ അക്കൌണ്ടിൽ ക്രെഡിറ്റായതിന്റെ കൃത്യത രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 21/16.03.22

1-20 ഉദ്ഘാടന ചടങ്ങിന് അധികച്ചെലവ്.

നഗരസഭ 2019-20 വർഷം നടത്തിയ ഏതാനും ഉദ്ഘാടന ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള പരിധിയിലും അധികമായി തുക ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/-രൂപയും അല്ലാതെയുള്ളവയ്ക്ക് പരമാവധി 10,000/-രൂപയും തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാമെന്ന് 28.12.15 ലെ സർക്കാർ ഉത്തരവ് (ആർ.ടി.)3866/15.ത.സ്വ.ഭ.വ വ്യക്തമാക്കുന്നുണ്ട്. മേൽ തുകയിൽ അധികമായിവരുന്ന ചെലവുകൾ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുമെന്നും ഉത്തരവ് സൂചിപ്പിക്കുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ചെലവിനം | അനുവദിച്ച തുക (രൂപ) | ചെക്ക് നം/തീയതി | അനുവദിക്കാവുന്ന തുക (രൂപ) | അധികം (രൂപ) |
|---|---|---|---|---|
| ലീഗൽ സർവ്വീസ് ക്ലിനിക്ക് ഉദ്ഘാടനം | 4,500/-<br>2,500/-<br>2,000/-<br>3,600/-<br>ആകെ - 12,600/- | 923139/24.10.19<br>923186/11.11.19<br>923187/11.11.19<br>923188/11.11.19 | 10,000/- | 2,600/- |
| തൊളിക്കോട് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണ ഉദ്ഘാടനം | 19,500/- | 924069/9.3.2020 | 10,000/- | 9,500/- |
| ആകെ | | | | 12,100/- |

മേൽ പ്രകാരം അധികം തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 12,100/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക- 12,100/-രൂപ

ഓഡിറ്റ് എൻക്വയറി നം.31/17.3.20

1-21 വൌച്ചർ ഹാജരാക്കിയില്ല.

2019-20 സാമ്പത്തികവർഷത്തെ തനതുഫണ്ട് വൌച്ചർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന വൌച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| വൌച്ചർ നം. | ഇനം | തുക(രൂപ) | ചെക്ക് നം./തീയതി |
|---|---|---|---|
| 64/6-19 | Wages | 18,850/- | 922454/10.6.19 |

| | | | |
|---|---|---|---|
| 65/6-19 | Wages | 17,400/- | 922455/10.6.19 |
| 66/6-19 | Wages | 2,175/- | 922456/10.6.19 |
| 68/6-19 | Inauguration Of Homoeo Hospital | 24,796/- | 9224548/10.6.19 |
| 78/6-19 | ELS | 50,100/- | 922463/12.6.19 |
| 81/6-19 | Vehicle Hire Charge | 48,750/- | 92246 /13.6.19 |
| 82/6-19 | Vehicle Hire Charge | 48,750/- | 92246 /13.6.19 |
| 85/6-19 | Ele.charge | 3,312/- | 922468/13.6.19 |
| 86/6-19 | Ele.charge | 14,270/- | 922469/13.6.19 |
| 51/1-20 | Deposit Refund | 2,00,000/- | 923716/9.1.2020 |
| ആകെ | | 4,28,403/- | |

മേൽ വൌച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് സെക്ഷനിൽ ലഭ്യമായ രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി മറുപടി അംഗീകരിക്കുന്നില്ല. വൌച്ചറും അനുബന്ധരേഖകളും സെക്ഷൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കേണ്ട സെക്ഷന്റെ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. 1997-ലെ കേരള മുനിസിപ്പാലിറ്റി( പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം രേഖകൾ ഹാജരാക്കാത്തപക്ഷം രേഖകളില്ലായെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ മേൽ ചെലവുകളുടെ വൌച്ചറും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 4,28,403/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 4,28,403/-രൂപ

ഓഡിറ്റ് എൻക്വയറി നം.10/14.3.22

1-22 യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതുമൂലം ആദായനികുതിയിൽ പിഴ ഒടുക്കി.

നഗരസഭയിലെ റഗുലർ, കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത 2016-17, 2017-2018, 2018-19 വർഷത്തെ ഇൻകം ടാക്സ് TDS (24Q) ലേറ്റ് ഫീയിനത്തിൽ 2,73,960/-രൂപ ഒടുക്കുവരുത്തുന്നതിന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ 05122019/00068/CD നം. കത്ത് പ്രകാരം അറിയിപ്പ് ലഭിച്ചു. ഫയൽ പരിശോധിച്ചതുപ്രകാരം ലേറ്റ് ഫീയിനത്തിൽ ഒടുക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വർഷം | Q1 | Q2 | Q3 | Q4 |
|---|---|---|---|---|
| 2016-17 | 19458 | 41760 | 31290 | 57580 |
| 2017-18 | 3880 | 40110 | 48880 | 20800 |
| 2018-19 | 10200 | | | |

TVDM00554B TAN നം.പ്രകാരം ഒടുക്കുവരുത്താനുള്ള തുക സംബന്ധിച്ച വിഷയം ബഹു.നഗരസഭാ കൌൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും തുക ഒടുക്കുവരുത്തുന്നതിന് 22.11.2019 ൽ തീരുമാനിക്കുകയും (തീരുമാനം നം.12) ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2,73,960/-രൂപ ചെക്ക് നം.923482/31.12.19 പ്രകാരം ഒടുക്കിയിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിനാലാണ് നഗരസഭയ്ക്ക് ടിയിനത്തിൽ തുക ഒടുക്കേണ്ട സാഹചര്യമുണ്ടായത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് സെക്രട്ടറിയുടെ TAN നമ്പരിൽ റഗുലർ ജീവനക്കാരുടേയും കണ്ടിജന്റ് ജീവനക്കരുടേയും റ്റി.ഡി.എസ് ഒടുക്കിവന്നിരുന്നത്

യഥാക്രമം G1 സെക്ഷനിൽനിന്നും H1 സെക്ഷനിൽ നിന്നുമായിരുന്നുവെന്നും ടി രണ്ടു വിഭാഗം ജീവനക്കാരുടെ റ്റി.ഡി.എസ് ഒടുക്കിയെങ്കിൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്യാൻ സാധിക്കുകയുണ്ടായിരുന്നുവെന്നും, നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാൽ ജീവനക്കാരുടെ റിക്കവറി ഒടുക്കാൻ കഴിഞ്ഞില്ലെന്നും മറുപടി ലഭ്യമാക്കി. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ 2,73,960/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയുടെ ബാധ്യതയാണ്. ടി തുക 2016-17 ഒന്നാം പാദം മുതൽ 2018-19 ഒന്നാം പാദം വരെയുള്ള കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 2,73,960/-രൂപ

ഓഡിറ്റ് എൻക്വയറി നം- 18/16.3.202

1-23 നഗരസഭാ വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

നഗരസഭാ വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിനായി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വൌച്ചർ നം | വാഹന നം. | ചെലവു തുക(രൂപ) | ചെക്ക് നം./തീയതി |
|---|---|---|---|
| 56/4-19 | KL-25 B-355& KL25A-4112 | 32,420/- | 921800/9.4.19 |
| 65/4-19 | KL-25 B-446 | 27,210/- | 922009/11.4.19 |
| 53/7-19 | KL 25 B-1766 | 10,488/- | 922614/10.7.19 |
| 83/9-19 | KL25 C-8880 | 11,119/- | 922881/24.9.19 |
| 118/11-19 | KL25B-2779 | 1,015/- | 923414/21.11.19 |
| 52/12-19 | KL 25 A-8135 | 17,942/- | 923448/9.12.19 |
| ആകെ | | 1,00,194/- | |

ഇൻഷുറൻസ് പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സെക്ഷനിൽ ലഭ്യമായ രേഖകളാണ് ഹാജരാക്കിയതെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ സെക്ഷനിൽ ലഭ്യമല്ലാത്തതും യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കാത്തതും സെക്ഷന്റെ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം രേഖകൾ ഹാജരാക്കാത്തപക്ഷം രേഖകളില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 1,00,194/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 1,00,194/-രൂപ

ഓഡിറ്റ് എൻക്വയറി നം-22/16.3.22

1-24 വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ

1) നഗരസഭാ പരിധിയിലെ വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച. മീ. വരെയുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 55/-രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 80/-രൂപ നിരക്കിലുമാണ് വസ്തു നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 $M^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച. മീ. വരെയുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. ഉദാഹരണത്തിന്

2019-20 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയം നടത്തിയ വാർഡ് നം X ലെ ശ്രീ. കെ. മനോജ്, പ്ലാന്തോട്ടത്തിൽ വീട്, നെല്ലിപ്പള്ളി എന്ന വ്യക്തിയുടെ കെട്ടിട നം. 150(2) എന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 154.85 ച.മീ. ആണ് ആയതുപ്രകാരം ഒരു അർദ്ധവർഷം നിർണ്ണയിക്കേണ്ട വസ്തു നികുതി - (ച.മീറ്ററിന് 80/-രൂപ നിരക്കിൽ ) 8,549/-രൂപ (വർദ്ധനവുകളും നികുതിയും ഉൾപ്പെടെ) ആയിരുന്നു. എന്നാൽ നിർണ്ണയിച്ച വസ്തുനികുതി - (ച.മീറ്ററിന് 55/-രൂപ നിരക്കിൽ) 5,877/- രൂപയാണ്. കുറവായി നിർണ്ണയിച്ച 2,672/-രൂപ വരവുനഷ്ടമായി കണക്കാക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അപാകത പരിഹരിച്ച് അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും മാറ്റങ്ങൾ വരുത്തി പുതുക്കിയ നിരക്കിലുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.

ഓഡിറ്റ് എൻക്വയറി നം.15/16.03.22

2) 2016-17 ഒന്നാം അർദ്ധവർഷം നിർണയിച്ച 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കെട്ടിട നം. 198, ഐഡിയാ സെല്ലുലാർ ലിമിറ്റഡ് എന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി 100 ച.മീ. വരെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 55/-രൂപ നിരക്കിലാണ് ഈടാക്കിയത്. എന്നാൽ മൊബൈൽ ടവറിന് ബാധകമായ നിരക്ക് 500/-രൂപയാണ്. ഇപ്രകാരം നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട എൻക്വയറിയെ തുടർന്ന് സഞ്ചയയിൽ മൊബൈൽ ടവറിന് ബാധകമായ നിരക്കിൽ പുനർ നിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.

ഓഡിറ്റ് എൻക്വയറി നം. 26/17.03.22

3) 29-ാം വാർഡിൽ സ്ഥിതിചെയ്യുന്ന 200 $M^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക്, വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നം/കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ.) | നികുതി നിർണ്ണയിച്ച വർഷം | നിർണ്ണയിച്ച വസ്തുനികുതി-(ച.മീറ്ററിന് 80/- രൂപ നിരക്കിൽ) ലൈബ്രറി സെസ്സും, സർവീസ് ടാക്സും ഉൾപ്പെടെ(രൂപ) | നിർണ്ണയിക്കേണ്ട വസ്തു നികുതി -(ച.മീറ്ററിന് 100രൂപ നിരക്കിൽ ) ലൈബ്രറി സെസ്സും, സർവീസ് ടാക്സും ഉൾപ്പടെ(രൂപ) | ഒരു വർഷത്തെ നികുതി നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| വിജയരാഘവൻ, വിജയാസ്, തൊളിക്കോട് | 29/699(2) | 346.34 | 2019-20 First Half | 43,014/- | 53,770/- | 10,756/- |
| ബിജേന്ദ്ര തുളസി ശിവം, ചെമ്മന്തൂർ | 29/194 | 475.36 | 2016-17 First Half | 52,480/- | 62,322/- | 9,842/- |
| ആകെ | | | | | | 20,598/- |

മേൽ ഉദാഹരണങ്ങൾ പ്രകാരം തെറ്റായി നികുതി നിർണ്ണയിച്ചതിൽ വസ്തുനികുതിയിനത്തിൽ ഒരുവർഷം 20,598/-രൂപ കുറവുണ്ടായി. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് മറുപടി നൽകി.

ഓഡിറ്റ് എൻക്വയറി നം. 37/19.03.22

മേൽ സാഹചര്യത്തിൽ സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തുനികുതിയുടെ അസ്സസ്സ്മെന്റുകൾ പുനപരിശോധിക്കേണ്ടതും അപാകതകളുണ്ടെങ്കിൽ നികുതി നിർണ്ണയിച്ച കാലയളവ് മുതലുള്ള കുറവ് തുക ഉടമസ്ഥനിൽ നിന്നും ഒടുക്കുവരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടി കാലയളവിലെ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 തൊഴിൽ നികുതി - പൊതുവായ അപാകതകൾ

2019-20 വർഷത്തിൽ മുനിസിപ്പാലിറ്റി പരിധിയിലെ ജീവനക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും തൊഴിൽനികുതി പിരിക്കുന്നതിലും രജിസ്റ്റർ പരിപാലിക്കുന്നതിലുമുള്ള അപാകതകൾ താഴെ പറയുന്നു.

1) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭയുടെ പരിധിയിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ വാർഡു തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളുടെ പേരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, ഓരോ അർദ്ധവർഷത്തേയും വരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല.

2) വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ റിട്ടേണുകളും പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.

3) തൊഴിൽനികുതിയുടെ രജിസ്റ്ററുകൾ - എഴുതി പൂർത്തിയാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 4 ലെ 3-ാം ഉപചട്ടം പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി നഗരസഭയുടെ പരിധിയിൽ സ്വയം തൊഴിലിലേർപ്പെട്ടവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട് തങ്ങളുടെ അർദ്ധവാർഷിക വരുമാനത്തെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ ഓരോ വർഷവും സെപ്റ്റംബർ 30-ാം തീയതിയ്ക്കും മാർച്ച് 31-ാം തീയതിയ്ക്കും മുമ്പായി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഫ്രണ്ട് ഓഫീസിൽ പ്രാഥമിക പരിശോധനയും, ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷ്മപരിശോധനയും നടത്തി, ഒടുക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുന്നതിനും ഓരോ ജീവനക്കാരന്റേയും വരുമാന വിവരം പരിശോധിച്ച് ആയത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തുടർ വർഷങ്ങളിൽ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഏതെങ്കിലും

ഓഫീസിലോ, കമ്പനിയിലോ ഫേമിലോ, സ്ഥാപനത്തിലോ ശമ്പളത്തിനോ വേതനത്തിനോ നിയമിക്കപ്പെടുകയോ അതിൽ തൊഴിലെടുക്കുകയോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്ന് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന 3-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൻവർഷം തൊഴിൽ നികുതി ഒടുക്കു വരുത്തിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഭാരത് മാതാ ഐടിസി | I, II |
| 2 | സബ് ഗ്രൂപ്പ് ഓഫീസർ ഭരണിക്കാവ് ദേവസ്വം | II |
| 3 | അപ്പാവു സുന്ദരം ആൻഡ് സൺസ് മാനേജർ | II |
| 4 | ടി.വി.ടി.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 5 | കേരള ലാറ്റക്സ് ലിമിറ്റഡ് | I, II |
| 6 | സബ് ഗ്രൂപ്പ് ഓഫീസർ അഷ്ടമംഗലം ദേവസ്വം | I, II |
| 7 | വാസന്തി ടയർ വർക്സ് | I, II |
| 8 | കോട്ടയ്ക്കൽ ആര്യവൈദ്യശാല | I, II |
| 9 | പ്രൊപ്രൈറ്റർ വൈറ്റ് പേൾ | I, II |
| 10 | ജോസ് രാജ് & കമ്പനി | I, II |
| 11 | രാംരാജ് തീയേറ്റർ | I, II |
| 12 | വിജയ് കൃഷ്ണ ബാങ്ക് | II |
| 13 | പാലത്തറ ഫാഷൻ ജ്വല്ലറി | I, II |
| 14 | ഇടിമണ്ണിക്കൽ ജ്വല്ലറി | I, II |
| 15 | ധന്യാ സൂപ്പർ മാർക്കറ്റ് | I, II |
| 16 | എസ് സി എസ് ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 17 | ജോസഫ് സെബാസ്റ്റ്യൻ കമ്പനി | I, II |
| 18 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് | I, II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഒടുക്കു വരുത്തുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയത് ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

2. മുനിസിപ്പാലിറ്റി പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ തൻവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | അഡ്വ. ശ്രീദേവി അമ്മ |
| 2 | അഡ്വ. വിജയമോഹൻ |
| 3 | അഡ്വ. എം ഷാൻ |
| 4 | അഡ്വ. പി ബി പ്രേംജിത്ത് |

| | |
|---|---|
| 5 | അഡ്വ. ആർ ബി ഷാനവാസ് |
| 6 | അഡ്വ. അലി നാസറുദ്ദീൻ |
| 7 | അഡ്വ. ഗോപകുമാർ |
| 8 | അഡ്വ. അഞ്ചൽ സുധാകുമാർ |
| 9 | അഡ്വ. ബാബു ജോൺ |
| 10 | അഡ്വ. അബ്ദുൾ നിസാർ |
| 11 | അഡ്വ. ചന്ദ്രൻ ആചാരി |
| 12 | അഡ്വ. നസീർ |
| 13 | അഡ്വ. കെ.എം.ജയാനന്ദൻ |
| 14 | അഡ്വ. ഇമ്മാനുവൽ |
| 15 | അഡ്വ. ജോൺസൺ |
| 16 | അഡ്വ. ആർ ബിനു |
| 17 | അഡ്വ. ജി രാധാകൃഷ്ണപിള്ള |
| 18 | അഡ്വ. സീനത്ത് ബീവി |
| 19 | അഡ്വ. വി. മനോജ് |
| 20 | അഡ്വ. ഹരീഷ് ജെ പിള്ള |
| 21 | അഡ്വ. എൽ. രാജേഷ് |
| 22 | അഡ്വ. കെ പി അജിത് |
| 23 | അഡ്വ. ബേബി ജോൺ |
| 24 | അഡ്വ. ബഷീർ റാവുത്തർ |
| 25 | അഡ്വ. പി. ജെറോം |
| 26 | അഡ്വ. പി. ദാമോദരൻ പോറ്റി |
| 27 | അഡ്വ. പ്രദീപ്കുമാർ |
| 28 | അഡ്വ. എസ്. പ്രസന്നകുമാരി |
| 29 | അഡ്വ. ഷീലാമ്മ ബാലിക |
| 30 | അഡ്വ. അഞ്ചൽ സോമൻ |
| 31 | അഡ്വ. ഇന്ദിരാദേവി |
| 32 | അഡ്വ. ജോർജ് കോശി |
| 33 | അഡ്വ. ബാബുരാജൻ |
| 34 | അഡ്വ. സുരേഷ് ബാബു |
| 35 | അഡ്വ. രഘു നാഥൻ |
| 36 | അഡ്വ. അനിൽകുമാർ |
| 37 | അഡ്വ. ടി. കെ. ഫിറോസ് ഖാൻ |
| 38 | അഡ്വ. പ്രകാശ് മാത്യു പണിക്കർ |
| 39 | അഡ്വ. ബിനു സി എസ് |
| 40 | അഡ്വ. ചാലിൽ ശ്രീധർ |
| 41 | അഡ്വ. ശിവരാജ് പിള്ള |
| 42 | അഡ്വ. കുഞ്ഞാപ്പി |

| | |
|---|---|
| 43 | അഡ്വ. കെ. ജോസഫ് കുട്ടി |
| 44 | അഡ്വ. അയിലം സുരേന്ദ്രൻ |
| 45 | അഡ്വ. പി എസ് ചെറിയാൻ |
| 46 | അഡ്വ. ജോസഫ് കുട്ടി |
| 47 | അഡ്വ. ബ്രിജേഷ് സോമരാജ് |
| 48 | അഡ്വ. വിനോദ് കുമാർ |
| 49 | അഡ്വ. സുകുമാരപിള്ള |
| 50 | അഡ്വ. റാണി ജാഷ്യ |
| 51 | അഡ്വ. എസ്. മധു |
| 52 | അഡ്വ. പ്രദീപ് ചന്ദ്രൻ |
| 53 | അഡ്വ. ജി അനിൽകുമാർ |
| 54 | അഡ്വ. കെ. ഹരിദാസ് |
| 55 | അഡ്വ. ഡി. സതീഷ് കുമാർ |
| 56 | അഡ്വ. ബിനോയ് വി ചന്ദ്രൻ പിള്ള |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മുനിസിപ്പാലിറ്റി പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർക്ക് തൊഴിൽ നികുതി നിശ്ചയിച്ച് ഓരോ അർദ്ധവർഷങ്ങളിലും നൽകാറുണ്ടെന്നും ടിയാളുകൾ നികുതി ഒടുക്കു വരുത്തുവാൻ തയ്യാറാകുന്നില്ല എന്നും ഇതു സംബന്ധിച്ച് ബാർ അസോസിയേഷൻ പ്രസിഡന്റിന് R3-11945/17 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും ആയതു പ്രകാരം നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകി.

3. മുനിസിപ്പാലിറ്റി പരിധിയിൽ പൊതുമരാമത്തിന്റെ വർക്കുകൾ ചെയ്യുന്ന കരാറുകാർ തൻവർഷം തൊഴിൽ നികുതി ഒടുക്ക് വരുത്തിയില്ല. വിശദാംശം ചുവടെപ്പറയുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ബിജു പി. |
| 2 | അനിൽകുമാർ |
| 3 | ശരത് ചന്ദ്രപ്രസാദ് |
| 4 | സാബു കെ കുര്യാക്കോസ് |
| 5 | രാജൻ പിള്ള കെ. |
| 6 | ഗിരീഷ് കുമാർ എസ്. |
| 7 | ഷാജിമോൻ |
| 8 | സുരേന്ദ്രൻപിള്ള |
| 9 | അജിത് പ്രസാദ് |
| 10 | എ. കെ. രഘു |
| 11 | ജി. മോഹനൻ നായർ |
| 12 | എസ് നാരായണൻ |
| 13 | ഷിബു തോമസ് |
| 14 | ചിത്രാംഗദൻ |
| 15 | രാജീവ് എസ്. |
| 16 | റെജി കുമാർ |

| | |
|---|---|
| 17 | റെജി രാജ് എ. |
| 18 | പിഎസ് സാമുവൽ |
| 19 | എം ജെ ജോസ് |
| 20 | ചന്ദ്രൻ സി. കെ. |
| 21 | കെ. ശിവൻപിള്ള |
| 22 | എം. മാത്യു |
| 23 | ജയകുമാർ |
| 24 | അബ്ദുൾ മജീദ് |
| 25 | ഹബീബുള്ള |

അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് തൊഴിൽനികുതി കുടിശികയില്ലെന്ന് റവന്യൂ സെക്ഷനിൽ നിന്നും റിപ്പോർട്ട് ചെയ്തതിനു ശേഷം മാത്രമേ വർക് ബില്ലുകൾ നിലവിൽ മാറി നൽകാവൂ എന്ന് 28.12.2019 ലെ R3-11945/17 നമ്പർ പ്രകാരം മുനിസിപ്പൽ എഞ്ചിനീയർക്കും ചീഫ് അക്കൌണ്ടിനും ഉത്തരവ് നൽകിയതു പ്രകാരം നിലവിൽ നികുതി ഈടാക്കിവരുന്നുണ്ട് എന്ന് മറുപടി നൽകി.

1996-ലെ കേരള മുനിസിപ്പാലിറ്റി നിയമം തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ പൊതുവായോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽ കരം അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 6/11.03.22

1-27 സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | രാംരാജ് തിയേറ്റർ | II |
| 2 | ഇൻഡസ്ഇൻഡ് ബാങ്ക് | I, II |
| 3 | സുന്ദരം ഫിനാൻസ് | I, II |
| 4 | മുളമൂട്ടിൽ കൺസ്യൂമർ ക്രെഡിറ്റ്സ് | I, II |
| 5 | കുളത്തുങ്കൽ മോട്ടോഴ്സ് | I, II |
| 6 | വി.ആർ. മോട്ടോഴ്സ് | I, II |
| 7 | പോപ്പുലർ ഡീലേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | II |

നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നികുതി കുടിശിക അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി നോട്ടീസ് നൽകി നികുതി കുടിശ്ശിക ഈടാക്കേണ്ടതും, സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്ന പക്ഷം ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 6/11.03.22

1-28 തനതു വരുമാനശോഷണത്തിനു കാരണമായി വാടകക്കുടിശ്ശികയും.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 495 മുറികളിൽ നിന്നും തൻവർഷത്തെ വാടകയിനത്തിൽ 29,56,836/-രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. കൃത്യമായും സമയബന്ധിതമായും വാടക പിരിച്ചെടുക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. പല കടമുറികളുടെയും വാടക ദീർഘകാലമായി കുടിശ്ശികയായി നിലനിൽക്കുകയാണ്. വാടകക്കുടിശ്ശികയുടെ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ കുടിശികയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള കടമുറികളിൽ നിന്നുമുള്ള തൻവർഷത്തെ വാടക പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറികളുടെ വിവരം | കടമുറികളുടെ എണ്ണം | ലഭിക്കാനുള്ള തുക(രൂപ) | ലഭിച്ച തുക(രൂപ) | അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|---|---|---|
| 1 | ശ്രീമൂലപുരം മാർക്കറ്റ് A-Block | 33 | 10,37,340/- | 9,34,240/- | 1,03,100/- |
| 2 | B-Block | 13 | 2,39,760/- | 1,25,900/- | 1,13,860/- |
| 3 | B-open | 54 | 4,68,360/- | 2,84,615/- | 1,83,745/- |
| 4 | C-Block | 8 | 57,240/- | 55,045/- | 2,195/- |
| 5 | D-Block | 10 | 77,460/- | 61,130/- | 16,330/- |
| 6 | E-Block | 29 | 2,88,060/- | 2,21,360/- | 66,700/- |
| 7 | F-Block | 8 | 74,745/- | 57,705/- | 17,040/- |
| 8 | Other Plot സ്റ്റാൾ | 11 | 93,720/- | 73,840/- | 19,880/- |
| 9 | വെജിറ്റബിൾ സ്റ്റാൾ | 25 | 2,34,840/- | 1,82,030/- | 52,810/- |
| 10 | A-Block | 10 | 4,80,000/- | 3,26,690/- | 1,53,310/- |
| 11 | B-Block | 24 | 6,38,400/- | 5,78,610/- | 59,790/- |
| 12 | C-Block | 9 | 2,33,280/- | 2,17,355/- | 15,925/- |
| 13 | D-Block | 8 | 1,27,620/- | 74,950/- | 52,670/- |
| 14 | E-Block | 20 | 4,04,460/- | 1,84,470/- | 2,19,990/- |
| 15 | F-Block | 10 | 2,10,000/- | 73,500/- | 1,36,500/- |
| 16 | G-Block | 10 | 1,44,000/- | 55,200/- | 88,800/- |
| 17 | H-Block | 12 | 1,59,120/- | 42,800/- | 1,16,320/- |
| 18 | ചൌക്ക ഷോപ്പിംഗ് സെന്റർ | 18 | 4,07,160/- | 2,96,635/- | 1,10,525/- |
| 19 | പഴയ പ്രൈവറ്റ് ബസ്സ്റ്റാൻഡ് റൂം | 40 | 13,37,940/- | 8,41,925/- | 4,96,015/- |
| 20 | കലയനാട് മാർക്കറ്റ് A-Block | 10 | 1,00,080/- | 61,149/- | 38,931/- |
| 21 | B-Block | 10 | 76,260/- | 52,315/- | 23,945/- |
| 22 | C-Block | 5 | 0 | 0 | 0 |
| 23 | മിനി ഇൻഡസ്ട്രി | 2 | 25,500/- | 21,255/- | 4,245/- |

| | | | | | |
|---|---|---|---|---|---|
| 24 | മണിയാർ മാർക്കറ്റ് | 7 | 61,980/- | 38,730/- | 23,250/- |
| 25 | മണിയാർ മിനി ഇൻഡസ്ട്രി | 1 | 13,320/- | 0 | 13,320/- |
| 26 | നെഹ്റു മെമ്മോറിയൽ റസ്റ്റ് ഹൌസ് | 7 | 2,09,280/- | 1,70,805/- | 38,475/- |
| 27 | റസ്റ്റ് ഹൌസ് GF | 10 | 3,18,360/- | 2,14,720/- | 1,03,640/- |
| 28 | GF Hospital Wing | 1 | 67,620/- | 61,985/- | 5,635/- |
| 29 | GF Room | 6 | 1,12,440/- | 66,120/- | 46,320/- |
| 30 | Second Floor | 2 | 1,02,000/- | 87,000/- | 15,000/- |
| 31 | റെസ്റ്റ്ഹൗസ് ബൂത്ത് നം. 1 | 1 | 16,140/- | 16,140/- | 0 |
| 32 | റെസ്റ്റ്ഹൗസ് ബൂത്ത് നം. 2 | 1 | 14,640/- | 8,540/- | 6,100/- |
| 33 | ഷോപ്പിംഗ് സെന്റർ ഇൻ ഫ്രണ്ട് ഓഫ് മുനിസിപ്പൽ ഓഫീസ് | 8 | 2,19,285/- | 1,68,405/- | 50,880/- |
| 34 | മുനിസിപ്പൽ പാർക്ക് ബിൽഡിംഗ് | 9 | 3,52,840/- | 3,46,040/- | 6,800/- |
| 35 | ഷോപ്പിംഗ് സെന്റർ ഇൻ ഫ്രണ്ട് ഓഫ് G.H.S.S. | 20 | 6,20,160/- | 5,16,165/- | 1,03,995/- |
| 36 | വെട്ടിപ്പുഴ ഷോപ്പിംഗ് സെന്റർ | 24 | 4,56,360/- | 2,62,395/- | 1,93,965/- |
| 37 | ക്യാന്റീൻ | 1 | 16,200/- | 8,100/- | 8,100/- |
| 38 | Shopping Center Near 7 Th Storied Building | 4 | 1,56,240/- | 1,42,900/- | 13,340/- |
| 39 | ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്മാരക മന്ദിരം | 13 | 6,88,200/- | 5,00,060/- | 1,88,140/- |
| 40 | കൃഷ്ണപിള്ള സാംസ്കാരിക നിലയം | 1 | 63,000/- | 15,750/- | 47,250/- |
| ആകെ | | 495 | 1,04,03,410 /- | 74,46,574/- | 29,56,836 /- |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 495 മുറികളിൽ നിന്നും വാടകയിനത്തിൽ 29,56,836/-രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കുടിശിക വരുത്തിയ കടകൾക്ക് ഡിമാന്റ് നോട്ടീസ് നൽകുകയും റവന്യൂ ഇൻസ്പെക്ടർ കടകൾ സന്ദർശിച്ച് വാടക ഒടുക്കുവരുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി. തനതുവരുമാനശോഷണം മൂലം ബുദ്ധിമുട്ടുന്ന നഗരസഭയ്ക്ക് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനേക്കാൾ പ്രധാനമായി അർഹമായ വരുമാനം യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് തടയാൻ

ഭരണസമിതിക്കാകുന്നില്ല എന്നത് ഗൌരവമായി കാണുന്നു. കുടിശിക തുക ഈടാക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 8/14.03.22

1-29 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - പുതുക്കിയ ലൈസൻസ് ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.01.2011 ലെ 24/11 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിരുന്ന 2011 ലെ കേരള മുനിസിപ്പാലിറ്റി വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് ചട്ടങ്ങൾ 01.05.2017 ന് പ്രാബല്യത്തിൽ വന്നു. പ്രസ്തുത ചട്ടങ്ങളെ അടിസ്ഥാനമാക്കി വിവിധ വ്യാപാരങ്ങൾക്ക് ഫീസ് നിശ്ചയിച്ചുകൊണ്ട് മുനിസിപ്പൽ കൗൺസിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും, വിജ്ഞാപനത്തിന് സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് ചട്ടം പ്രാബല്യത്തിൽ വരേണ്ടതുമാണ്. എന്നാൽ ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതുമൂലം പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. 2011 ലെ ചട്ടത്തിലെ ചട്ടം 7 പ്രകാരം ഓരോ വ്യാപാരത്തെയും സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് എന്നിവയെ അടിസ്ഥാനമാക്കി 'എ', 'ബി.' 'സി.' എന്നീ വിഭാഗങ്ങളായി തരം തിരിക്കേണ്ടതും I, II പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. 2011-ലെ ചട്ടം പ്രാബല്യത്തിൽ വന്ന് (സ്റ്റേ റദ്ദ് ചെയ്തത് 01.05.2017-ൽ) നാളിതുവരെ ആയിട്ടും വിജ്ഞാപനം പുറപ്പെടുവിക്കാൻ നഗരസഭ നടപടി സ്വീകരിച്ചില്ല. ഇക്കാരണത്തിൽ ലൈസൻസ് ഫീസിനത്തിലെ വരവിൽ ഗണ്യമായ കുറവുണ്ടായി. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്. പരാമർശിച്ചിരിക്കുന്ന വീഴ്ച സംബന്ധിച്ച് വിശദമായി റിപ്പോർട്ട് മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/16.03.22

1-30 മൊബൈൽ ടവറുകളുടെ വസ്തുനികുതി വൻതുക കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല. ജി.ഒ.(ആർ.റ്റി) നം.17/2011 തസ്വഭവ/തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/-രൂപയും കൂടിയ നികുതി 500/-രൂപയുമാണ്. മുനിസിപ്പൽ കൗൺസിലിന്റെ 31.01.2012 ലെ 1-5527/07 നമ്പർ വിജ്ഞാപനം പ്രകാരം നഗരസഭാപരിധിയിലെ മൊബൈൽ ടവറുകൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക് 500/-രൂപയാണ്.

സഞ്ചയ സോഫ്റ്റ് വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ, നാളിതു വരെയും നികുതി അടവാക്കാത്ത മൊബൈൽ ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള വസ്തുനികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | മൊബൈൽടവറുകളുടെ | വാർഡ് | പ്രതിവർഷ | കാലയളവ് | 2019-20 |
|---|---|---|---|---|---|

| നം. | വിശദാംശം | നമ്പർ/ കെട്ടിട നമ്പർ | വസ്തുനികുതി തുക (രൂപ) | | വരെയുള്ള കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 33/408 | 12,650/- | 2013-14 മുതൽ | 88,550/- |
| 2 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 29/579 | 25,300/- | 2010-11 മുതൽ | 2,53,000/- |
| 3 | ബി.എസ്.എൻ.എൽ. | 25/206 | 9,537/- | 2013-14 മുതൽ | 66,759/- |
| 4 | ടവർ വിഷൻ ഇന്ത്യ | 22/218(1) | 14,375/- | 2019-20 മുതൽ | 14,375/- |
| 5 | എം.എസ്. ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 14/198(1) | 1,8,975/- | 2013-14 മുതൽ | 1,32,825/- |
| 6 | റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 14/198(2) | 11,102/- | 2014-15 മുതൽ | 66,612/- |
| 7 | എം.എസ്. ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 10/368(3) | 12,650/- | 2013-14 മുതൽ | 88,550/- |
| | ആകെ | | | | 7,10,671/- |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം നഗരസഭ നിർണ്ണയിച്ച വസ്തുനികുതി ബന്ധപ്പെട്ട മൊബൈൽ കമ്പനികളിൽ നിന്നും ഈടാക്കുന്നതിന് നഗരസഭാധികൃതർ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9 /14.03.22

## 1-31 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക അടവാക്കിയത് സഞ്ചയയിൽ രേഖപ്പെടുത്തിയില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരവും അടവാക്കാൻ അവശേഷിക്കുന്ന വസ്തു നികതി കുടിശികയുടെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.9/14.03.22) മറുപടി നൽകിയതിൽ ചുവടെ പറയുന്ന മൊബൈൽ ടവറുകളുടെ കുടിശിക പൂർണ്ണമായും ഈടാക്കിയതായി മറുപടി നൽകി.

| ക്രമ നം. | മൊബൈൽ ടവറിന്റെ പേര് | വാർഡ് നം./കെട്ടിടനം. | വിസ്തീർണ്ണം |
|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | 34/395(1) | 13.15 |
| 2 | ഇൻഡസ് ടവർ ലിമിറ്റഡ് | 6/209(1) | 14.5 |
| 3 | ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 33/463 | 60 |
| 4 | എം.എസ് ഭാരതി | 29/571(1) | 25 |
| 5 | എം.എസ്. ഇൻഡസ് ടവർ | 32/253(1) | 14.32 |
| 6 | ഐഡിയാ സെല്ലുലാർ ലിമിറ്റഡ് | 14/198 | 30 |
| 7 | വയർലെസ്സ് ടി.ടി. ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 13/511 | 13.44 |
| 8 | വോഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 10/368(1) | 20 |

എന്നാൽ ടി മൊബൈലുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസിന്റെ വിശദാംശം സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ നിലവിലും വൻതുക കുടിശിക നിലനിൽക്കുന്നതായി കാണപ്പെട്ടു. ഫ്രണ്ട് ഓഫീസിൽ ചെക്ക് മുഖേന വരവ് വന്ന തുകയ്ക്ക് രസീത് നൽകുകയും ടി തുക തനതു ഫണ്ടിൽ അടവാക്കുകയും ചെയ്തു. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യാതിരുന്നതിനാലാണ് കുടിശിക നിലനിൽക്കുന്നതെന്നും നികുതി ഒടുക്ക് വരുത്തിയിട്ടുള്ളത് സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്ത് ഉടൻ തന്നെ കാലികമാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകി. നികുതി ദായകൻ നികുതി അടവ് ആക്കിയ തുക, യഥാസമയം തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടത് നഗരസഭ റവന്യൂ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഈ വിഷയത്തിൽ ഓഫീസ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ-സാംഖ്യ സംയോജനം നടപ്പാക്കുന്നതിന് ഐ.കെ.എം.ന് കർശന നിർദ്ദേശം നൽകുന്നതിനും സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതിനും ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 26/17.03.22

1-32 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 21.67 ലക്ഷം രൂപ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള/നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും വസ്തുനികുതി അടവാക്കുന്നില്ല. 2019-20 വർഷം കുടിശിക ഈടാക്കാനവശേഷിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ചുവടെ പറയുന്ന സ്ഥാപനങ്ങൾ നികുതി ഒടുക്കാനവശേഷിക്കുന്നുവെന്ന് മറുപടി നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം./ കെട്ടിട നം. | നിർണ്ണയിച്ച വസ്തുനികുതി(രൂപ) | ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | 2019-20 വരെയുള്ള കുടിശ്ശിക(രൂപ) |
|---|---|---|---|---|---|
| 1 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/490(2) | 81,655/- | 2018-19 | 1,63,310/- |
| 2 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/490A(1) | 1,05,852/- | 2015-16 II Nd Half | 4,76,334/- |
| 3 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/490A | 1,208/- | 2009-10 | 13,288/- |
| 4 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/488 | 6,555/- | 2009-10 | 72,105/- |
| 5 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/489 | 6,555/- | 2009-10 | 72,105/- |
| 6 | പി.ഡബ്ല്യൂ.ഡി. ഓഫീസ് | 16/490 | 6,555/- | 2009-10 | 72,105/- |
| 7 | താലൂക്ക് സപ്ലൈ ഓഫീസ് | 33/640 | 6,452/- | 2017-18 | 19,356/- |
| 8 | താലൂക്ക് ഓഫീസ് | 33/636 | 51,460/- | 2013-14 | 3,60,220/- |
| 9 | സബ് ട്രഷറി | 33/634 | 24,516/- | 2019-20 | 24,516/- |
| 10 | താലൂക്ക് ഓഫീസ് | 33/631 | 25,806/- | 2013-14 | 1,80,642/- |

| | | | | | |
|---|---|---|---|---|---|
| 11 | വാട്ടർ സപ്ലൈ സബ് ഡിവിഷൻ | 33/730 | 22,356/- | 2014-15 | 1,34,136/- |
| 12 | കേരള വാട്ടർ അതോറിറ്റി പി.എച്ച്. സബ് ഡിവിഷൻ | 33/262 | 6,410/- | 2016-17 | 25,640/- |
| 13 | ബി.എസ്.എൻ.എൽ. | 33/340 | 9,357/- | 2011-12 | 84,213/- |
| 14 | സൂപ്രണ്ട് ഓഫ് പോലീസ് | 33/46 | 46,121/- | 2015-16 | 2,30,605/- |
| 15 | സി.ഐ.ഓഫീസ് | 34/212 | 9,628/- | 2014-15 | 57,768/- |
| 16 | അസി.സൂപ്രണ്ട് ഓഫ് പോലീസ് | 34/1635A | 13,790/- | 2017-18 | 41,370/- |
| 17 | ജില്ലാ പോലീസ് സൂപ്രണ്ട് | 34/1592 -1634 | 26,922/- | 2015-16, II Nd Half | 1,21,149/- |
| 18 | കെ.ഐ.പി. ഓഫീസ് | 34/248 | 6,072/- | 2019-20 | 6,072/- |
| 19 | കെ.ഐ.പി. ഓഫീസ് | 34/247 | 6,072/- | 2019-20 | 6,072/- |
| 20 | കെ.ഐ.പി. ഓഫീസ് | 34/246 | 2,763/- | 2019-20 | 2,763/- |
| 21 | കെ.ഐ.പി. ഓഫീസ് | 34/245 | 2,763/- | 2019-20 | 2,763/- |
| | ആകെ | | | | 21,66,532/- |

21 സർക്കാർ സ്ഥാപനങ്ങളിൽ നിന്നായി 21.67 ലക്ഷം രൂപ വസ്തുനികുതി കുടിശിക ഈടാക്കാനവശേഷിക്കുന്നു. കുടിശിക വരുത്തിയവർക്ക് കൃത്യമായ സമയങ്ങളിൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും കൂടുതൽ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് റവന്യൂ റിക്കവറി നടപടികൾക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും മറുപടി നൽകി. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/16.03.22

## 1-33 കാലിബാരൽ വില ഈടാക്കിയിട്ടില്ല. 80,928/-രൂപ അധികം നല്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇതുമൂലം 80,928/-രൂപ കരാറുകാർക്ക് അധികം നല്കി. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-34 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവ പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരിക്കേണ്ടതാണ് പിഴകൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം കരാറിൽ ഏർപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾ കരാർ വച്ചിട്ടുള്ളത് നിയമാനുസൃത പിഴ ഈടാക്കാതെയാണ്.

| ക്രമ | പ്രവൃത്തി വിവരം | കരാർ | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|

| നം | | തുക(രൂപ) | പിഴ(രൂപ) |
|---|---|---|---|
| 1 | പ്രവൃത്തി-ബാൽകോ കാർത്തിക റോഡ്<br>കരാറുകാരൻ- ശ്രീ.രാജേഷ് കുമാർ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 24-09-2019<br>കരാർവച്ച തീയതി- 16-10-2019 | 2,66,189/- | 2,662/- |
| 2 | പ്രവൃത്തി- 12 ഏക്കർ കല്ലാർ ഐറിഷ് ഡ്രയിൽ<br>കരാറുകാരൻ- ശ്രീ.രാജേഷ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 10-10-2019<br>കരാർവച്ച തീയതി- 16-10-2019 | 2,66,467/- | 2665/- |
| 3 | പ്രവൃത്തി-കല്ലുമല വഞ്ചിയൂർ റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ. റജിരാജ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 20-11-2018<br>കരാർവച്ച തീയതി- 01-12-2018 | 4,49,801/- | 4,498/- |
| 4 | പ്രവൃത്തി-പയ്യൻകുന്ന് തടത്തിൽ ഏലാ റോഡ്<br>കരാറുകാരൻ- ശ്രീ. റജിരാജ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 20-11-2018<br>കരാർവച്ച തീയതി-01-12-2018 | 4,49,801/- | 4,498/- |
| 5 | പ്രവൃത്തി-ഗ്രേഡിംഗ് ബ്ലോക്ക് അങ്കണവാടി നടപ്പാത കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണം<br>കരാറുകാരൻ- ശ്രീ. റജിരാജ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 20-10-2018<br>കരാർവച്ച തീയതി- 01-12-2018 | 2,48,571/- | 2,486/- |
| 6 | പ്രവൃത്തി-ബാലഭവൻ ലൈബ്രറി കെട്ടിടം അറ്റകുറ്റപ്പണി<br>കരാറുകാരൻ- എ കെ കൺസ്ട്രക്ഷൻസ്, നീലേശ്വരം<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 12-10-2018<br>കരാർവച്ച തീയതി- 23-11-2018 | 21,25,330/- | 21,253/- |
| 7 | മണിയാർ പുത്തയം എസ് സി കോളനി ഐറിഷ് ഓടയും സംരക്ഷണ ഭിത്തിയും<br>കരാറുകാരൻ- ശ്രീ. രാജൻ പിള്ള<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ | 4,49,268/- | 4,493/- |

| | | | |
|---|---|---|---|
| | കരാർ വയ്ക്കേണ്ട അവസാന തീയതി 01-12-2018<br>കരാർവച്ച തീയതി- 15-12-2018 | | |
| 8 | ഇളപ്പപാറ തെക്കേക്കര റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ. ഷാജിമോൻ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 05-10-2018<br>കരാർവച്ച തീയതി- 15-11-2018 | 6,78,624/- | 6,786/- |
| 9 | ടൗൺ വാർഡ് പോലീസ് സ്റ്റേഷൻ മുതൽ റയിൽവേ സ്റ്റേഷൻവരെ റീ ടാറിംഗ്<br>കരാറുകാരൻ- ശ്രീ. ശിവൻ പിള്ള<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 12-02-2019<br>കരാർവച്ച തീയതി- 20-02-2019 | 2,04,191/- | 2,042/- |
| 10 | ഗ്രേഡിംഗ് സ്കൂൾ ഓഡിറ്റേറിയം പുനരുദ്ധാരണം<br>കരാറുകാരൻ-എ കെ കൺസ്ട്രക്ഷൻസ്, നീലേശ്വരം<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 12-02-2019<br>കരാർവച്ച തീയതി- 15-02-2019 | 9,06,618/- | 9,066/- |
| 11 | ചാരുമൂർത്തിക്കാവ് ചരുവിള റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ. രാജൻ പിള്ള<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 29-11-2018<br>കരാർവച്ച തീയതി- 15-12-2018 | 4,54,749/- | 4,547/- |
| 12 | വെട്ടിപ്പുഴ കുതിരച്ചിറ റോഡിൽ ഓടയും കവറിംഗ് സ്ലാബും<br>കരാറുകാരൻ- ശ്രീ. രാജൻ പിള്ള<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 20-10-2018<br>കരാർവച്ച തീയതി- 22-11-2018 | 3,99,305/- | 3,993/- |
| | | ആകെ | 68,989/- |

യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 68,989/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28, തീയതി 17-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഷ്ടം- 68,989/-രൂപ

ഓഡിറ്റ് അന്വേഷണം- 28 തീയതി 17-03-2022

1-35 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിലുള്ള തുക നഗരസഭാ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തേണ്ടതാണ്.

ടെണ്ടർ ഫീ ഇനത്തിൽ 2015-16 മുതൽ 21.10.2017 വരെയുള്ള കാലയളവിൽ ലഭിച്ച 7,38,545/-രൂപ പുനലൂർ നഗരസഭ മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെ തെറ്റായി പരവൂർ നഗരസഭാ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക തിരികെ ലഭ്യമാക്കി പുനലൂർ മുനിസിപ്പൽ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35, 18-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക പുനലൂർ നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി വിവരം അറിയിക്കേണ്ടതും നാളിതുവരെ ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണാത്തതിൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.(2018-19 സാമ്പത്തിക വർഷത്തിലെ ഖണ്ഡിക 1-20 കാണുക)

നിലവിൽ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ അസി.എക്സി.എഞ്ചിനീയറുടെ എസ്.ബി.ഐ, പുനലൂർ ശാഖയിലെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി അക്കൗണ്ടിൽ 05-03-2022 ൽ 3,50,479/-രൂപ നീക്കിയിരുപ്പുണ്ട്. ടി തുക പുനലൂർ നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-36 ഷെൽട്ടർ ഹോം നിർമ്മാണം 31-10-2019 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 2021-22 സാമ്പത്തിക വർഷത്തിലും പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം -391/2020

പ്രവൃത്തി - ഷെൽട്ടർ ഹോം നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സി.എഞ്ചിനീയർ

അടങ്കൽ തുക - 3,45,76,000/-രൂപ (കേന്ദ്രാവിഷ്കൃതം, ദേശീയ നഗര ഉപജീവന മിഷൻ )

നിർവ്വഹണ ഏജൻസി - ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ

2 നിലകളുള്ള 5 ഫ്ലാറ്റുകളിലായി 13,282 ച. മീ. ൽ 50 വീടുകൾ നിർമ്മിക്കുന്നതിനുള്ള ടി പ്രോജക്ടിന് എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ 30-10-2017 ലെ DB1/12486/17/CE/LSGD പ്രകാരം 3,00,00,000/-രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചു. നിർവ്വഹണത്തിനായുള്ള അക്രെഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ എന്ന സ്ഥാപനവുമായി 01-11-2017 ൽ 22/17-18/AEE ആയി കരാറിലേർപ്പെട്ടു. കരാർപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 24 മാസമാണ്. ഇതു പ്രകാരം 31-10-2019 ൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ഫയലുകൾ പരിശോധിച്ചതിൽ ടി പ്രവൃത്തിക്ക് താഴെപ്പറയും പ്രകാരം തുക നല്കിയതായി കാണുന്നു

| | | |
|---|---|---|
| 1 | മുൻകൂർ | 44,52,985/-രൂപ |
| 2 | ഒന്നാം ഭാഗിക ബിൽ | 38,94,493/-രൂപ |
| 3 | രണ്ടാം ഭാഗിക ബിൽ | 35,00,000/-രൂപ |
| | ആകെ | 1,18,47,478/-രൂപ |

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ, പ്രോജക്ട് എഞ്ചിനീയറുടെ 13-10-2021 ലെ കത്തുപ്രകാരം ഒന്നാം നിലയുടെ റൂഫ സ്ലാബ് 17-08-2020 ൽ കോൺക്രീറ്റ് ചെയ്തു നിറുത്തിയിരിക്കുകയാണെന്നും സൈറ്റിലേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ ഒന്നര വർഷമായി പ്രവൃത്തി നിറുത്തിവച്ചിരിക്കുയാണെന്നും അറിയിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27, തീ 17-03-2022) മറുപടി നല്കിയിട്ടില്ല.

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂരിനെ തെരെഞ്ഞെടുത്ത നഗരസഭാ കൗൺസിൽ തീരുമാനം പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. ഒന്നരവർഷമായി പ്രവൃത്തി മുടങ്ങിക്കിടന്നിട്ടും നഗരസഭയുടെ ഭാഗത്തുനിന്നും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ അനാസ്ഥയാണ്. കൂടാതെ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതുമൂലം ദേശീയ നഗര ഉപജീവന മിഷൻ (NULM) ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായേക്കാം. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-37 സേവനനികുതി അപ്പീൽ നൽകുന്നതിന് ചെലവ് - രേഖകൾ ഹാജരാക്കിയില്ല.

വൌച്ചർ (വൌച്ചർ നം.6/8-19) പരിശോധിച്ചതിൽ Service Tax Order 04/19-20 ST (AC) ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിന് പ്രീ-ഡെപ്പോസിറ്റായി 2,56,423/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. 1.4.2015 മുതൽ 30.6.2017 വരെയുള്ള കാലയളവിലെ സേവനനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അപ്പീൽ നടപടി സ്വീകരിക്കുന്നതിന് 1.6.2019 ലെ നഗരസഭാ കൌൺസിൽ (തീരുമാനം നം.8) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടി ഇനത്തിൽ സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ അടവാക്കേണ്ട നികുതി ഒടുക്കിയയിനത്തിൽ കുറവു വരുത്തിയിട്ടുള്ളതായും ആയത് ഒടുക്കുവരുത്തുന്നതിന് 04/19-20 ST (AC) ഉത്തരവു ലഭിച്ചതായും ഓഫീസ് കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. (ഒറിജിനൽ ഫയൽ ലഭ്യമല്ല, ഫയലിന്റെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്) അപ്പീൽ നടപടി സ്വീകരിക്കുന്നതിനും നിയമോപദേശത്തിനുമായി ടാക്സും പെനാൽട്ടിയും സഹിതം 34,19,100/-രൂപയുടെ 7.5% തുകയായ 2,56,432/-രൂപയിൽ 2,56,423/-രൂപ പ്രീ ഡെപ്പോസിറ്റായി ഒടുക്കുന്നതിന് തീരുമാനിച്ചു. കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി തുക ചെക്ക് നം.922653/2.8.19 പ്രകാരം സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ ഒടുക്കുവരുത്തി. മേൽ ഉത്തരവോ, നിയമോപദേശം നല്കിയതു സംബന്ധിച്ച രേഖകളോ ഫയലിൽ ലഭ്യമല്ല.

അപ്പീൽ സംബന്ധമായ അന്തിമതീരുമാനം ഈവിഷയത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സേവനനികുതി യഥാസമയം ഒടുക്കുവരുത്താത്തതിനാലാണ് നഗരസഭയ്ക്ക് ഇത്തരത്തിൽ നഷ്ടമുണ്ടായത്. മേൽ പരാമർശിച്ച ഒറിജിനൽ രേഖകൾ, രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവുതുക 2,56,423/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 2,56,423/-

ഓഡിറ്റ് എൻക്വയറി നം. - 36/18.3.22

1-38 മുൻകൂർ ക്രമീകരിച്ചിട്ടില്ല - 67,906/-രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ പരിശോധനയിൽ പുനലൂർ മുനിസിപ്പാലിറ്റിയിൽ 2019-20 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി അഡ്വാൻസ് നൽകിയതിൽ 67,906/-രൂപ ക്രമവൽക്കരിക്കാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൌച്ചർ നം. | ഇനം | നൽകിയ തുക(രൂപ) | ചെക്ക് നം./തീയതി |
|---|---|---|---|---|
| ശ്രീ.ദിലീപ് | 71/5-19 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്-ടോയ്ലറ്റ് ഉപയോഗയോഗ്യമാക്കൽ | 17,906/- | 922072/8.5.19 |
| ശ്രീ.സൂരജ്കുമാർ | 42/8-19 | ജെ.സി.ബി അറ്റകുറ്റപ്പണികൾ | 45,000/- | 922677/9.8.19 |

| | | | | |
|---|---|---|---|---|
| ശ്രീ.സൂരജ്കുമാർ | 59/ 2-20 | വാഹന റിപ്പയറിംഗ് | 5,000/- | 924003/7.2.2020 |
| ആകെ | | | 67,906/- | |

മേൽ അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിക്കാത്തതിനാൽ 67,906/-രൂപ തടസ്സപ്പെടുത്തുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ അഡ്വാൻസ് അനുവദിക്കാവുന്നതും അത് മൂന്ന് മാസക്കാലയളവിനുള്ളിൽ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 18% പലിശസഹിതം ഈടാക്കേണ്ടതാണ്. തടസ്സപ്പെടുത്തിയ തുക നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 67,906/-രൂപ
ഓഡിറ്റ് എൻക്വയറി നം.23/16.3.22

1-39 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു.

നഗരസഭയിൽ നിർമ്മാണം ആരംഭിച്ച പലപ്രവൃത്തികളും യഥാസമയം പൂർത്തീകരിക്കാതെ നിർമ്മാണ കാലാവധി തുടർച്ചയായി നീട്ടിക്കൊണ്ടിരിക്കുന്നു. നഗരസഭയുടെ മുഖഛായതന്നെ മാറ്റാൻ പര്യാപ്തമായതും വിവിധ കാരണങ്ങൾ രേഖപ്പെടുത്തി കാലാവധി നീട്ടികൊണ്ടിരിക്കുന്നതുമായ 3 പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു

1) പ്രവൃത്തി - മുൻസിപ്പാലിറ്റി 7 നില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം

അടങ്കൽ തുക - 3,96,93,600/-രൂപ (വികസനഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ – ശ്രീമതി. ശാന്തമ്മ, വെമ്പായം

കരാർ-01/18-19/AEE/dt, 07-4-2018

പുനലൂർ നഗരസഭയുടെ ഹൃദയഭാഗത്ത് കെ എസ് ആർടി സി സ്റ്റേഷനും, നഗരസഭാ മന്ദിരത്തിനും സമീപത്തായി നിലകൊള്ളുന്ന 7 നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത് 1992-ലാണ്. ഒരുകാലത്ത് നഗരത്തിലെ പ്രമുഖ വാണിജ്യ സ്ഥാപനങ്ങളും, ബാങ്കിംഗ് സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്ന കെട്ടിടം ജീർണാവസ്ഥയിലാകുകയും, വാണിജ്യ സ്ഥാപനങ്ങൾ ഒഴിഞ്ഞുപോകുകയും ചെയ്തതിനെത്തുടർന്ന്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ എന്ന സ്ഥാപനത്തേക്കൊണ്ട് ഡി.പി.ആർ തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചു. ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 1 വർഷവും 6 മാസവുമായിരുന്നു. ഇതുപ്രകാരം 06-10-2019ൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പലതവണ പരിഷ്കരിക്കുകയും, വിവിധ കാരണങ്ങൾ രേഖപ്പെടുത്തി നിർമ്മാണ കാലാവധി പലതവണ നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. അവസാനമായി 2022 മാർച്ച് 31 വരെയാണ് കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളത്. ടി പ്രവൃത്തിക്കായി ഇതുവരെ 6 ഭാഗിക ബില്ലുകളിലായി 2,29,71,928/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജീവനക്കാർക്ക് വേതനം നല്കുന്നതിനുപോലും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന നഗരസഭയ്ക്ക് ആധുനികവത്കരിച്ച് പുനരുദ്ധരിച്ച 7 നില കെട്ടിടത്തിന്റെ പൂർത്തീകരണം സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്നതിന് അനിവാര്യമാണ്.

2) കൺസ്ട്രക്ഷൻ ഓഫ് ന്യൂ ബിൽഡിംഗ് & കംപ്ലീഷൻ വർക്ക് അറ്റ് മെറ്റീരിയൽ റിക്കവറി സെന്റർ

അടങ്കൽ തുക - 50,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എക്സി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി - ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ

കരാർ-01/19-20/AEE/dt, 16-07-2019

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി ചുമതലപ്പെടുത്തി നിർവ്വഹണം ആരംഭിച്ച പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 12 മാസമാണ്. ഇതുപ്രകാരം 15-07-2020ൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തിക്കായി 29,19,226/-രൂപ ചെലവഴിച്ചിട്ടുണ്ട്.

3) ചെമ്മണ്ണൂർ മിനി ഓഡിറ്റോറിയത്തിനു സമീപം പാർക്ക് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി - ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ

കരാർ- 04/18-19/AEE, 16-11-2018

അടങ്കൽ തുക - 25,00,000/-രൂപ (വികസനഫണ്ട്)

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പുനലൂർ എന്ന അക്രെഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതാണ് ടി പ്രവൃത്തി. അക്രഡിറ്റഡ് ഏജൻസിയുമായി 16-11-2018 ൽ 04/18-19/AEE ആയി കരാറിൽ ഏർപ്പെട്ടു. 12 മാസമാണ് നിർമ്മാണ കാലാവധി. പ്രവൃത്തിക്കായി 8,21,568/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി നല്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്ഥിരം സമിതി, നഗരസഭാ കൗൺസിൽ എന്നിവയുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-40 മരാമത്ത് പ്രവൃത്തികളുടെ പരിശോധന, സുപ്രധാന രജിസ്റ്ററുകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1) പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗവ. ഉത്തരവ് 429/15/ധനം, 28-09-2015 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ കരാർതുകയുടെ 5% മൂല്യമുള്ള ബാങ്ക് ഗ്യാരണ്ടി പെർഫോമൻസ് ഗ്യാരണ്ടിയായി നല്കേണ്ടതാണ്. കുറഞ്ഞത് 50% തുകയെങ്കിലും ട്രഷറിയിലെ സ്ഥിരം നിക്ഷേപമായിരിക്കണം. ഇത് Defect Liability Period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണം. ഈ തുക കരാറുകാരനിൽ നിന്ന് ഈടാക്കുവാനുള്ള തുകയുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി പ്രസ്തുത 28 ദിവസത്തിനുശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ തിരികെ നല്കണം. (Pwd Manual 2009-7). കൂടാതെ ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് എസ്റ്റിമേറ്റിന്റെ 10%-ത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ 10%-ത്തിനു മുകളിലുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി നല്കണം. ഇതിനുശേഷം കരാറിൽ ഏർപ്പെടണം. 2019-20 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഡിപ്പോസിറ്റ് രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിനാൽ 2019-20 സാമ്പത്തിക വർഷത്തെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ സൂക്ഷിപ്പിൽ ക്രമക്കേടുകൾ

ഉണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) ക്യാഷ് ബുക്ക്, സബ് സിഡിയറി ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗവ.ഉത്തരവ് നം 177/2006/ ധനം,12-04-2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി lv) സൂക്ഷിക്കണം. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം ധനഇടപാടുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററുകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിക്കുക.

1-41 രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

വൌച്ചർ നം - 71/7-19

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോറങ്ങളും രജിസ്റ്ററുകളും പ്രിന്റ് ചെയത് ലഭ്യമാക്കിയയിനത്തിൽ 82,216/-രൂപ ചെക്ക് നം.92263/16.7.2019 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ നം.TVM/1108/18-19/13.3.2019 പ്രകാരമുള്ള 20,452/-രൂപയുടേയും TVM/52/19-20/25.4.19 പ്രകാരമുള്ള 55,164/-രൂപയുടേയും ആകെ 75,616/-രൂപയുടെ, ബിൽ മാത്രമാണ് വൌച്ചറിനൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളത്. 6,600/-രൂപയുടെ ബിൽ, അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. ആയതു ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 6,600/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 6,600/-രൂപ
ഓഡിറ്റ് എൻക്വയറി നം.25/16.3.22

1-42 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗരേഖകൾ ലഭ്യമല്ല.

2019-20 സാമ്പത്തികവർഷം പോസ്റ്റ് ഷിഫ്റ്റിംഗിനായി തുക ചെലവഴിച്ചതിന്റെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വൌച്ചർ നം | പ്രവൃത്തിയുടെ പേര് | നൽകിയ തുക(രൂപ) | ചെക്ക് നം./തീയതി |
|---|---|---|---|
| 162/5-19 | നെടുങ്കയം വാർഡിൽ പേപ്പർമിൽ-കല്ലുമല റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20,031/- | 922407/27.5.19 |
| 80/6-19 | വെട്ടിപ്പുഴപാലം-നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് പ്രവേശിക്കുന്ന വഴിയിൽ തടസ്സമായി നില്ക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 19,960/- | 922464/12.6.19 |
| 58/7-19 | കാഞ്ഞിരമല-ശാസ്ത്രി തോപ്പ് ചെമ്പിൻ റോഡ്-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 12,417/- | 922616/11.7.19 |
| 84/7-19 | അഷ്ടമംഗലം വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 46,014/- | 922639/19.7.19 |
| ആകെ | | 98,422/- | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക തടസ്സപ്പടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് തടസ്സം

ഒഴിവാക്കുന്നതാണ്.

തടസ്സപ്പെടുത്തിയ തുക – 98,422/-രൂപ

ഓഡിറ്റ് എൻക്വയറി നം.32/17.3.22

1-43 വൌച്ചറിനൊപ്പം അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 സാമ്പത്തികവർഷത്തെ വൌച്ചർ പരിശോധിച്ചതിൽ ചുവടെക്കൊടുക്കുന്ന ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വൌച്ചറിനൊപ്പം അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

| വൌച്ചർ നം. | ചെലവിനം | ചെലവ് തുക(രൂപ) | ചെക്ക് നം. / തീയതി | തുക നല്കിയത് | റിമാർക്ക്സ് |
|---|---|---|---|---|---|
| 45/4-19 | ബഡ്സ് സ്കൂളിന്റെ വാഹനവാടക | 50,000/- | 323647/6.4.19 | ശ്രീമതി. നൂർജി വഹാബ് | ട്രിപ്പ്ഷീറ്റ്, തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 27/5-19 | ഫാൻ വാങ്ങൽ | 1,350/- | 922045/3.5.19 | ശ്രീ.അരുൺരാജ്,ക്ലർക്ക് | സ്ഥാപനത്തിന്റെ ബിൽ, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 33/5-19 | പ്ലാച്ചരി റിസോഴ്സ് സെന്ററിലേക്കുള്ള റോഡും യാർഡും ജെ.സി.ബി ഉപയോഗിച്ച് ലെവൽ ചെയ്തതിന് | 15,600/- | 922049/3.5.19 | ദർശന എർത്ത് മൂവേഴ്സ്, ഇടമൺ | ട്രിപ്പ്ഷീറ്റ്, തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 80/5-19 | സുപ്രഭാതം ദിനപത്രം വാങ്ങിയത് | 10,080/- | 922075/9.5.19 | ശ്രീ.കെ.കെ.ബാബു | ബിൽ ഹാജരാക്കിയിട്ടില്ല. |
| 52/6-19 | മെഡിക്കൽ ക്യാമ്പ്-ഫോട്ടോ എടുത്തയിനത്തിൽ ചെലവായ തുക | 2,000/- | 922446/7.6.19 | ശ്രീ.എം.പി.സൂരജ്, യമുന സ്റ്റുഡിയോ | ക്യാമ്പ് നടത്തിയതിന്റെ രേഖകൾ ഹാജരാകക്ിയിട്ടില്ല. |
| 133 /6-19 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് | 34,861/- | 922479/18.6.19 | അസി.എൻജിനീയർ, കെ.എസ്.ഇ.ബി,പുനലൂർ | ഡിമാന്റ് നോട്ടീസ്,ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 36/6-19 | NULM-പരിശീലനം നൽകിയതിന് ഭക്ഷണം നൽകിയത് | 23,550/- | 777/4.6.19 | ശ്രീ.അജിത്ത്കുമാർ.ജെ.ജി | ബിൽ ഹാജരാക്കിയിട്ടില്ല. |
| 50/7-19 | ഇന്റർകോമിന്റെ AMC പുതുക്കുന്നതിന് | 13,000/- | 922611/10.7.19 | ശ്രീ.ബാജിമോൻ, ടെലിടെക്ക് സർവ്വീസിംഗ് | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| 57/9-19 | ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി | 28,800/- | 922863/7.9.19 | മെഡിക്കൽ ഓഫീസർ, Nature Cure Dispensary | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 86/10-19 | ടെലിഫോൺ ചാർജ്ജ് | 25,269/- | 923131/17.10.19 | ബി.എസ്.എൻ.എൽ,കൊല്ലം | തുക ഒടുക്കിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| 112/11-19 | ഡെപ്പോസിറ്റ് റീഫണ്ട് | 5,800/- | 923048/20.11.19 | ശ്രീ.അനിൽകുമാർ, അയണിക്കൽ സൈക്കിൾസ് | ഒറിജിനൽ രസീത് ഹാജരാക്കിയിട്ടില്ല. |
| 113/11-19 | ഡെപ്പോസിറ്റ് റീഫണ്ട് | 5,800/- | 923409/20.11.19 | ലിയ മോട്ടോഴ്സ് | ഒറിജിനൽ രസീത് ഹാജരാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| ആകെ | | 2,16,110/- | | | |

മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നതിന് എൻക്വയറി നല്കിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആകെ ചെലവുതുകയായ 2,16,110/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 2,16,110/-രൂപ
ഓഡിറ്റ് എൻക്വയറി നം.25/16.3.22

1-44 മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10,000/-രൂപ വീതം 35 വാർഡുകളിലേക്ക് ആകെ 3,50,000/-രൂപ ചെക്ക് നം.323037/30.5.19 പ്രകാരം വാർഡ് കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. മേൽ പ്രകാരം അനുവദിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 3,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 3,50,000/-രൂപ.
എൻക്വയറി നം .25/16.3.22

1-45 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്നു. ഈ കാലയളവിൽ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ താഴെകൊടുത്തിട്ടുള്ള അപാകതകൾ പൊതുവായി കാണപ്പെട്ടിട്ടുള്ളതാണ്.

1) എസ് സി പി ഫണ്ട് ചെലവഴിച്ച് നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ ടി പ്രവൃത്തിയുടെ ഗുണഭോക്താക്കളിൽ 50% കൂടുതൽ പട്ടികജാതി വിഭാഗക്കാരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. എസ് സി പി ഫണ്ട് വിനിയോഗം പ്രസ്തുത വിഭാഗത്തിന് പ്രയോജനകരമാണെന്ന് ഉറപ്പുവരുത്താതെ തുക ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്.

2) പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവ പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനുശേഷവും കരാർ വച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരിക്കേണ്ടതാണ്. പിഴകൂടാതെ കരാർ വയ്ക്കേണ്ട തീയതിക്കുശേഷവും, കരാർ വയ്ക്കുന്നതിന് അനുവദനീയമായ സമയം കഴിഞ്ഞുമാണ് പലപ്രവൃത്തികളിലും കരാറിലേർപ്പെട്ടിട്ടുള്ളത്. ഇത്തരത്തിലുള്ള പലസന്ദർഭങ്ങളിലും പിഴ ഈടാക്കിയതായും കാണുന്നില്ല.

3) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചുവരുന്നില്ല. പല പ്രവൃത്തികളും നിർമ്മാണ കാലാവധിക്ക് ശേഷവും പൂർത്തിയാകാതെ അവശേഷിക്കുന്നു

4) ടെണ്ടർ ചെയ്യപ്പെട്ട എല്ലാ മരാമത്ത് പ്രവൃത്തികളിലും 2 ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത്. ഒന്ന് എസ്റ്റിമേറ്റ് നിരക്കിന് മുകളിലുള്ളതും, അടുത്തത് എസ്റ്റിമേറ്റ് നിരക്കിലുള്ളതും. ടെണ്ടർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കുന്നതിന് ഇ ടെണ്ടർ നടപടികളിലൂടെമാത്രം പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

മേൽ പരാമർശ അപാകതകൾ ഒഴിവാക്കി മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിബാരൽ വില ഈടാക്കിയിട്ടില്ല. 80,928/-രൂപ അധികം നല്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു. ടി പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ബിറ്റുമിന്റെ വില മുൻകൂറായി കരാറുകാരന് നല്കിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി വിവരം | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238+18% ജി.എസ്.ടി.) രൂപ |
|---|---|---|---|
| 1 | പ്രവൃത്തി-മുറിയന്തല പ്ലാച്ചേരി റോഡ്<br>അടങ്കൽ തുക- 6,00,000/-രൂപ<br>(സംരക്ഷണ ഗ്രാൻറ് റോഡ്)<br>കരാറുകാരൻ-ശ്രീ. ഷിബു തോമസ്<br>കരാർ-241/18-19/AE, 16-02-2019<br>ചെലവ്- 5,82,415/-<br>ബിൽ നം92/19-20 തീ,31-01-20 | 31 | 8,711/- |
| 2 | പ്രവൃത്തി-പണിക്കരുമുക്ക് താഴേവാതുക്കൽ റോഡ് പുനരുദ്ധാരണം<br>അടങ്കൽ തുക-4,75,000/-രൂപ<br>(സംരക്ഷണ ഗ്രാൻറ് റോഡ്)<br>കരാറുകാരൻ- ശ്രീ. ഷിബു തോമസ്<br>കരാർ-248/18-19/AE, 22-02-2019<br>ചെലവ്-4,448.852/-രൂപ<br>ബിൽ നം 73/19-20 തീ.22-01-20 | 19 | 5,339/- |
| 3 | പ്രവൃത്തി-മഞ്ഞ ബേക്കറി മുലന്തടം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-7,00,000/-രൂപ<br>(സംരക്ഷണ ഗ്രാൻറ് റോഡ്) | 38 | 10,678/- |

| | | | |
|---|---|---|---|
| | കരാറുകാരൻ-ശ്രീ. നാരായണൻ<br>കരാർ-231/18-19/AE, 13-02-2019<br>ചെലവ്- 6,74,395/-രൂപ<br>ബിൽ നം74/19-20 തീ,21-01-20 | | |
| 4 | പ്രവൃത്തി-പശുമല ജംഗ്ഷൻ കലയനാട് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-5,00,000/-രൂപ (സംരക്ഷണ ഗ്രാൻറ് റോഡ്)<br>കരാറുകാരൻ-ശ്രീ. ഷിബു തോമസ്<br>കരാർ-249/18-19/AE, 28-02-2019<br>ചെലവ്-4,98,211/-രൂപ<br>ബിൽ നം-82/19-20 തീ,21-01-20 | 21 | 5,901/- |
| 5 | പ്രവൃത്തി-പവർഹൗസ് പുതിയടം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-9,00,000/-രൂപ (സംരക്ഷണ ഗ്രാൻറ് റോഡ്)<br>കരാറുകാരൻ-ശ്രീ. എസ്. നാരായണൻ<br>കരാർ-230/18-19/AE, 13-02-2019<br>ചെലവ്-8,95,344/-രൂപ<br>ബിൽ നം-93/19-20 തീ,21-01-20 | 49 | 13,769/- |
| 6 | പ്രവൃത്തി-കിണറ്റുമുക്ക് ചുണ്ടോട് ഭാഗം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-12,00,000/-രൂപ (സംരക്ഷണ ഗ്രാൻറ് റോഡ്)<br>കരാറുകാരൻ- ശ്രീ. ഷിബു തോമസ്<br>കരാർ-247/18-19/AE, 22-02-2019<br>ചെലവ് – 11,80,406/-രൂപ<br>ബിൽ നം-50/19-20 തീ,17-06-19 | 65 | 18,265/- |
| 7 | പ്രവൃത്തി-ഇടക്കുന്ന് ബ്ലാവടി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-5,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാൻറ്)<br>കരാറുകാരൻ-ശ്രീ. ഷിബു തോമസ്<br>കരാർ-239/18-19/AE, 16-12-2019<br>ചെലവ്-4,97,184/-രൂപ<br>ബിൽ നം-48/19-20 തീ,05-02-20 | 10 | 2,810/- |
| 8 | പ്രവൃത്തിവെട്ടിച്ചിറ കുതിരച്ചിറ റോഡ് റീ | 29 | 8,149/- |

| | | | |
|---|---|---|---|
| | ടാറിംഗ്<br>അടങ്കൽ തുക-7,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)<br>കരാറുകാരൻ-ശ്രീ. ശിവൻപിള്ള<br>കരാർ-244/18-19/AE, 20-02-2019<br>ചെലവ്-5,66,450/-രൂപ<br>ബിൽ നം-88/19-20 തീ,30-01-20 | | |
| 9 | പ്രവൃത്തി-കക്കോട് മൈലയ്ക്കൽ റോഡ് പുനരുദ്ധാരണം<br>അടങ്കൽ തുക-6,25,000/-രൂപ (വികസന ഫണ്ട്<br>കരാറുകാരൻ-ശ്രീ. ഷിബു തോമസ്<br>കരാർ-40/17-18/AEE, 21-12-2017<br>ചെലവ്-5,85,403/-രൂപ<br>ബിൽ നം-88/19-20 തീ,30-01-20 | 26 | 7,306/- |
| | | ആകെ | 80,928/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ട തുക 80,928/-രൂപ ഈടാക്കി, ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 80,928/-രൂപ

ഓഡിറ്റ് അന്വേഷണം-14തീയതി 15-03-22

3-2 ഉദ്ഘാടന ചടങ്ങിന് അധികച്ചെലവ്.

നഗരസഭ 2019-20 വർഷം നടത്തിയ ഏതാനും ഉദ്ഘാടന ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള പരിധിയിലും അധികമായി തുക ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/-രൂപയും അല്ലാതെയുള്ളവയ്ക്ക് പരമാവധി 10,000/-രൂപയും തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാമെന്ന് 28.12.15 ലെ സർക്കാർ ഉത്തരവ് (ആർ.ടി.)3866/15.ത.സ്വ.ഭ.വ വ്യക്തമാക്കുന്നുണ്ട്. മേൽ തുകയിൽ അധികമായിവരുന്ന ചെലവുകൾ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുമെന്നും ഉത്തരവ് സൂചിപ്പിക്കുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ചെലവിനം | അനുവദിച്ച തുക (രൂപ) | ചെക്ക് നം/തീയതി | അനുവദിക്കാവുന്ന തുക (രൂപ) | അധികം (രൂപ) |
|---|---|---|---|---|
| ലീഗൽ സർവ്വീസ് ക്ലിനിക്ക് ഉദ്ഘാടനം | 4,500/-<br>2,500/-<br>2,000/-<br>3,600/-<br>ആകെ – 12,600/- | 923139/24.10.19<br>923186/11.11.19<br>923187/11.11.19<br>923188/11.11.19 | 10,000/- | 2,600/- |
| തൊളിക്കോട് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണ ഉദ്ഘാടനം | 19,500/- | 924069/9.3.2020 | 10,000/- | 9,500/- |

| | | | | |
|---|---|---|---|---|
| ആകെ | | | | 12,100/- |

മേൽ പ്രകാരം അധികം തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 12,100/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക- 12,100/-രൂപ

ഓഡിറ്റ് എൻക്വയറി നം.31/17.3.20

## 3-3 യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതുമൂലം ആദായനികുതിയിൽ പിഴ ഒടുക്കി.

നഗരസഭയിലെ റഗുലർ, കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത 2016-17, 2017-2018, 2018-19 വർഷത്തെ ഇൻകം ടാക്സ് TDS (24Q) ലേറ്റ് ഫീയിനത്തിൽ 2,73,960/-രൂപ ഒടുക്കുവരുത്തുന്നതിന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ 05122019/00068/CD നം. കത്തു പ്രകാരം അറിയിപ്പ് ലഭിച്ചു. ഫയൽ പരിശോധിച്ചതുപ്രകാരം ലേറ്റ് ഫീയിനത്തിൽ ഒടുക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വർഷം | Q1 | Q2 | Q3 | Q4 |
|---|---|---|---|---|
| 2016-17 | 19458 | 41760 | 31290 | 57580 |
| 2017-18 | 3880 | 40110 | 48880 | 20800 |
| 2018-19 | 10200 | | | |

TVDM00554B TAN നം.പ്രകാരം ഒടുക്കുവരുത്താനുള്ള തുക സംബന്ധിച്ച വിഷയം ബഹു.നഗരസഭാ കൌൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും തുക ഒടുക്കുവരുത്തുന്നതിന് 22.11.2019 ൽ തീരുമാനിക്കുകയും (തീരുമാനം നം.12) ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2,73,960/-രൂപ ചെക്ക് നം.923482/31.12.19 പ്രകാരം ഒടുക്കിയിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിനാലാണ് നഗരസഭയ്ക്ക് ടിയിനത്തിൽ തുക ഒടുക്കേണ്ട സാഹചര്യമുണ്ടായത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് സെക്രട്ടറിയുടെ TAN നമ്പരിൽ റഗുലർ ജീവനക്കാരുടേയും കണ്ടിജന്റ് ജീവനക്കരുടേയും റ്റി.ഡി.എസ് ഒടുക്കിവന്നിരുന്നത് യഥാക്രമം G1 സെക്ഷനിൽനിന്നും H1 സെക്ഷനിൽ നിന്നുമായിരുന്നുവെന്നും ടി രണ്ടു വിഭാഗം ജീവനക്കാരുടെ റ്റി.ഡി.എസ് ഒടുക്കിയെങ്കിൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്യാൻ സാധിക്കുകയുണ്ടായിരുന്നുവെന്നും, നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാൽ ജീവനക്കാരുടെ റിക്കവറി ഒടുക്കാൻ കഴിഞ്ഞില്ലെന്നും മറുപടി ലഭ്യമാക്കി. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ 2,73,960/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയുടെ ബാധ്യതയാണ്. ടി തുക 2016-17 ഒന്നാം പാദം മുതൽ 2018-19 ഒന്നാം പാദം വരെയുള്ള കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 2,73,960/-രൂപ

ഓഡിറ്റ് എൻക്വയറി നം- 18/16.3.202

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2019-20 | 14-03-2022 | കെ.എസ്.എ.കെ.എൽ.എം.എം.എൽ.481/22 തീയതി. 05.07.2022 |

4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിലുള്ള വരവിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,27,500/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 6,27,500/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,27,500/-രൂപ |

സ്ഥിരനിക്ഷേപ തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചേർത്ത് സ്ഥിരനിക്ഷേപ രജിസ്റ്റർ പൂർണ്ണമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-1 | 2014-15 | 6.3 | ഖരമാലിന്യ സംസ്കരണയൂണിറ്റ് പ്രവർത്തനരഹിതം, 31.46 ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലം | നിയമസഭ അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-26 | 2016-17 | 4.9.2(iii) | സേവന നികുതി കുടിശ്ശിക- | " |

| | | | | | |
|---|---|---|---|---|---|
| | | | | നഗരസഭയ്ക്ക് 62.8 ലക്ഷം രൂപയുടെ ബാധ്യത | |
| പ്രവർത്തനാക്ഷമതാ റിപ്പോർട്ട് | | 2013-14 | 5-2-4 (2) | സ്കൂൾകെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | " |
| 2010-11, 2011-12 | | 2013-14 | 5-2-4 (16) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | " |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42,01,27,677/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37,25,13,603/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,23,411/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,23,874/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 80,928/- | ശ്രീ.സന്തോഷ് കുമാർ കെ വി,അസി. എഞ്ചിനീയർ,73622<br>ശ്രീ.എസ്.ആർ ബിജു,അസി. എക്സി.എഞ്ചിനീയർ-7306 |
| 3-2 | | 12,100/- | ശ്രീമതി.രേണുകാദേവി, സെക്രട്ടറി |
| 3-3 | | 2,73,960/- | ശ്രീമതി.രേണുകാദേവി, സെക്രട്ടറി |
| ആകെ | | 3,66,988/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,58,248/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-16 | 10,00,000/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-21 | 4,28,403/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-23 | 1,00,194/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-37 | 2,56,423/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-38 | 67,906/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-41 | 6,600/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-42 | 98,422/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-43 | 2,16,110/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| 1-44 | 3,50,000/- | ശ്രീമതി.രേണുകാദേവി,സെക്രട്ടറി |
| ആകെ | 26,82,306/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക(രൂപ) |
|---|---|
| 1-7-1 | 1,00,800/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രേണുകാദേവി, സെക്രട്ടറി | സെക്രട്ടറി, മരട് മുനിസിപ്പാലിറ്റി | ഇന്ദീവരം, നെടുവത്തൂർ, കൊട്ടാരക്കര |
| ശ്രീ.സന്തോഷ് കുമാർ കെ വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ, ലൈഫ് മിഷൻ | ശ്രീവിലാസം, ഉറുവേൽ, പനവൂർ പിഒ, ആനാട്, നെടുമങ്ങാട് |
| എസ്.ആർ ബിജു, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ, ചിറയൻകീഴ് ബ്ലോക്ക് | നിധി, ഉള്ളൂർ ഗാർഡൻസ്, കൊച്ചുല്ലൂർ, മെഡിക്കൽ കോളേജ് പിഒ, തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 1988-89 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 1989-90 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി – 30-06-14 |
| 1990-91 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 1996-97 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി – 30-06-14 |
| 1997-98 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 1998-99 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി – 30-06-14 |
| 1999-00 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2000-01 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2001-02 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2002-03 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2003-04 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2004-05 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2005-06 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2006-07 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി -30-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി – 30-06-14 |
| 2008-09 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2009-10 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |
| 2010-11 | എൽ.എഫ്.ക്യൂ.എം.എൽ/1909/14, തീയതി - 30-06-14 |

| | |
|---|---|
| 2011-12 | എൽ.എഫ്.ക്യൂ.എം.എൽ/933/14, തീയതി – 07-10-14 |
| 2012-13 | എൽ.എഫ്.ക്യൂ.എം.എൽ/1254/15, തീയതി -31-10-15 |
| 2013-14 | എൽ.എഫ്.ക്യൂ.എം.എൽ/1556/2015/14, തീയതി – 18-11-15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-1106/16, തീയതി -03-08-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-314/17, തീയതി – 17-03-17 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-1618/17, തീയതി – 3.10.2017 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-21/19 , തീയതി - 13.05.2019 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-1745/19 , തീയതി - 16.09.2020 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്